# ചെങ്ങന്നൂർ നഗരസഭ

## പ്ലാസ്റ്റിക് ഖര ദ്രവ-ഇ- മാലിന്യ പരിപാലന നിയമാവലി 2016
## 15/11/2018 ലെ 14-ാം നമ്പർ തീരുമാന പ്രകാരം നഗരസഭാ കൗൺസിൽ അംഗീകരിച്ചത്

പേരും മേൽവിലാസവും : ചെങ്ങന്നൂർ നഗരസഭ, ചെങ്ങന്നൂർ

1. ലക്ഷ്യങ്ങളും ഉദ്ദേശ്യങ്ങളും

ചെങ്ങന്നൂർ മുൻസിപ്പൽ കൗൺസിലിന്റെ 15/11/2018 ലെ 14-ാം നമ്പർ തീരുമാന പ്രകാരം മാലിന്യശേഖരണവും , കൈകാര്യം ചെയ്യലും 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് പ്രകാരം നഗരസഭയിൽ നിക്ഷിപ്തമായ ചുമതലയാകയാലും അത് 1986 ലെ പരിസ്ഥിതി (സംരക്ഷണ ) നിയമത്തിൻകീഴിൽ രൂപപ്പെടുത്തിയിട്ടുള്ള ഖരമാലിന്യം-കൈകാര്യം ചെയ്യൽ ചട്ടം 2016 (സോളിഡ് വെയ്സ്റ്റ് മാനേജ്മെന്റ് റൂഴ്സ് 2016 ), പ്ലാസ്റ്റിക് മാലിന്യ - കൈകാര്യം ചെയ്യൽ ചട്ടം 2016 (പ്ലാസ്റ്റിക് വെയ്സ്റ്റ് മാനേജ്മെന്റ് റൂൾസ് 2016 ) ഇ-മാലിന്യ കൈകാര്യം ചെയ്യൽ ചട്ടം 2016, പ്ലാസ്റ്റിക് വെയ്സ്റ്റ് മാനേജ്മെന്റ് റൂൾസ്2016, ബയോ-മെഡിക്കൽ മാലിന്യം കൈകാര്യം ചട്ടം 2016 ബയോമെഡിക്കൽ വെയ്സ്റ്റ് ഹാന്റലിംഗ് റൂൾസ് 2016, കെട്ടിട നിർമാണ - പൊളിക്കൽ മാലിന്യ -കൈകാര്യം ചെയ്യൽ ചട്ടം (കണസ്ട്രക്ഷൻ ഡിമോളിഷൻ വേയ്സ്റ്റ് മാനേജ്മെന്റ് റൂൾസ് 2016) എന്നീ ചട്ടങ്ങൾ പ്രകാരം കൈകാര്യം ചെയ്യപ്പെടേണ്ടതാകയാലും 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 567 (33) വകുപ്പ് പ്രകാരം മുൻസിപ്പൽ കൗൺസിലിൽ നിക്ഷിപ്തമായ അധികാരത്തിലും പ്ലാസ്റ്റിക് ഖര -ദ്രവ്യ - ഇലക്ട്രോണിക് - മറ്റ് കെട്ടിട മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്ന സംവിധാനം സ്ഥാപിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനും അപകടകാരികളായ വ്യവസായിക മാലിന്യങ്ങളും , 1986 ലെ പിസ്ഥിതി (സംരക്ഷണ) നിയമത്തിൻ കീഴിൽ രൂപപ്പെടുത്തപ്പെട്ട പ്രത്യേക ചട്ടങ്ങൾ പ്രകാരം കൈകാര്യം ചെയ്യപ്പെടേണ്ടതിനാലും സമൂഹത്തിൽ ഫലപ്രദമായി ഒരു പ്ലാസ്റ്റിക് - ഖര-ദ്രവ്യ - ഇ - മാലിന്യ മാനേജ്മെന്റ് പദ്ധതിയും, സംസ്കരണവും രൂപപ്പെട്ടുവരണമെങ്കിൽ ശരിയായ നിയമങ്ങളുടെ നിർമാണവും നടപ്പിൽ വരുത്തലും നിലവിവലുള്ള പ്ലാസ്റ്റിക് ഖര-ദ്രവ -ഇ-മാലിന്യ സംസ്കരമ രീതികളും, ഉടമ്പടികളും, നടപടിക്രമങ്ങളും യുക്തി ഭദ്രമായി നവീകരിക്കുന്നത് മുതൽ സജീവമായ ജനകീയപങ്കാളിത്തം ഉറപ്പാക്കുന്നതു വരെ എല്ലാം ഉൾപ്പെടുന്ന ഒരു നയം തന്നെ നഗരസഭയ്ക്ക് ആവശ്യമാണെന്ന് കാണുകയാലും മാലിന്യം വൻതോതിൽ പുറംതള്ളുന്ന മേഖലയിലെ താമസക്കാരും, വ്യാപാരികളും, വ്യവസായികളും എല്ലാം ഉൾപ്പെടുന്ന പൗരസമൂഹം നഗരത്തെ വൃത്തിയായി സൂക്ഷിക്കുന്നതിനും മാലിന്യം പൊതു നിരത്തുകളിൽ വലിച്ചെറിയാതിരിക്കുന്നതിനും, മാലിന്യം വേർതിരിച്ചു നൽകൽ, നിശ്ചയിക്കപ്പെട്ട കണ്ടെയ്നറുകളിൽ മാത്രം നിക്ഷേപിക്കൽ, നിശ്ചയ സമയത്ത് മാത്രം നിക്ഷേപിക്കൽ തുടങ്ങിയ കാര്യങ്ങളിലും ജാഗ്രത കാട്ടുന്നില്ല എന്നതിനാലും നഗരസഭയിൽ നിക്ഷിപ്ത മായിട്ടുള്ള അധികാരങ്ങൾ ഉപയോഗിച്ച് ചെങ്ങന്നൂർ മുനിസിപ്പൽ കൗൺസിലിനു വേണ്ടി സെക്രട്ടറി മാലിന്യം പൊതു നിരത്തുകളിൽ നിക്ഷേപിക്കുന്നത്

തടഞ്ഞുകൊണ്ടും, മാലിന്യം വേർതിരിച്ചു സൂക്ഷിക്കുകയും കൈമാറുകയുകയും ശേഖരിക്കുകയും ചെയ്യണമെന്നത് നിർബദ്ധമാക്കികൊണ്ടും ദ്രവ–ഖര–ഇ–മാലിന്യ സംസ്കരണം നിർബന്ധമാക്കിയും നിയമാവലി പുറപ്പെടുവിക്കുന്നു.

## 2. ഈ വിജ്ഞാപനത്തിന്റെ വിശാല ലക്ഷ്യങ്ങൾ

1. പ്ലാസ്റ്റിക്ക് –ഖര–ദ്രവ–ഇ– മാലിന്യങ്ങൾ കൈകാര്യം ചെയ്യപ്പെടുന്ന രീതിയിൽ നഗര ജീവിതത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തികൊണ്ടും പരിസ്ഥിതി മലിനീകരണം ഒഴിവാക്കി കൊണ്ടും നവീകരിക്കൽ.

2. വൃത്തിയും മികച്ച ആരോഗ്യ–ശുചിത്വ നിലവാമുള്ള ഒരു നഗര സമൂഹ സൃഷ്ടി.

3. പൊതുസ്ഥലങ്ങൾ പൂർണ്ണമായും മാലിന്യ വിമുക്തമാക്കൽ

4. പ്രദേശത്തിന്റെ മുഖ്യജല സ്രോതസ്സുകളിലെയും തോടുകളിലേയും മലിനീകരണം തടയലും സംരക്ഷണവും

5. പരമാവധി മാലിന്യം പുന: ചംക്രമണം ചെയ്യൽ

6. പരമാവധി ജൈവ ദ്രവ മാലിന്യം പ്രാദേശിക സംവിധാനങ്ങൾ ഉപയോഗിച്ച് സംസ്കരിക്കൽ

7. ഖര–അർദ്ധ ഖര മാലിന്യ സംസ്ക്കരണം കേന്ദ്രങ്ങളിലേക്ക് പരമാവധി കുറച്ച് മാലിന്യം മാത്രം എത്തിക്കുന്ന രീതിയിൽ ഉപഭോഗ ശീലങ്ങൾ ക്രമപ്പെടുത്തൽ

8. സീവേജ്/ ദ്രവ്യമാലിന്യങ്ങൾ സംസ്ഥാന മലിനീകരണ ബോർഡ് അംഗീകരിച്ച ഏജൻസി വഴിയോ നഗരസഭ നിലവിലിരിക്കുന്ന സംവിധാനം വഴിയോ പൊതുജനാരോഗ്യത്തിന് ദോഷകരമല്ലാത്ത രീതിയിൽ നഗരസഭയുടെ അനുമതിയോടു കൂടി കൈയൊഴിയൽ

9. മാലിന്യം അടിഞ്ഞ് പൊതു ഓവുചാലുകളും, ജല നിർഗ്ഗമന മാർഗ്ഗങ്ങളും ഉപയോഗ ശൂന്യമാകുന്നതും വെള്ളകെട്ടുണ്ടാകുന്നതും തടയൽ

10. പൊതു നിരത്തുകൾ, പൊതുസ്ഥലങ്ങൾ, സ്വകാര്യ പരിസരങ്ങൾ എന്നിവയിൽ മാലിന്യങ്ങൾ കുന്നുകൂടുന്നതും, വെള്ളക്കെട്ടുണ്ടാകുന്നതും തടയുക.

11. ജനകീയാവബോധം വർധിപ്പിക്കൽ

12. മാലിന്യ സംസ്ക്കരണ പ്രവർത്തനങ്ങളിൽ നഗരസഭയുടെ നീക്കങ്ങൾ സുതാര്യമാക്കൽ

13. നഗരസഭ ജനകീയ പ്രസ്ഥാനം–ഇതരസ്ഥാപന–സംഘാടന സഹകരണ ഉറപ്പാക്കൽ

14. നഗരസഭാ കൗൺസിലർമാരുടെ പ്രവർത്തന നേതൃത്വത്തിലൂടെ വാർഡു തലത്തിൽ ഇക്കാര്യം ഉറപ്പുവരുത്തൽ

15. റെസിഡൻസ് അസോസിയേഷനുകളുടെയും പൗരസമിതികളുടെയും സന്നദ്ധ സംഘടനകളുടെയും സഹകരണ നിയമപാലനത്തിൽ ഉറപ്പുവരുത്തൽ

16. ഇക്കാര്യത്തിൽ നിർദേശിക്കപ്പെടുന്ന നിയമങ്ങളുടെ ലംഘനത്തിന് ഉചിതമായ ശിക്ഷ നിയമാനുസ്രിതമാക്കി പ്രക്യാപിക്കൽ

17. പ്ലാസ്റ്റിക് ഉൽപന്നങ്ങൾ, ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ് ഉപകരണങ്ങൾ

അവയുടെ ഉപയോഗത്തിന്റെ അവസാനം ഉൽപാദകർ, വിതരണക്കാർ, സംരഭകർ, ബ്രാൻഡ് ഉടമകൾ എന്നിവരെ കൊണ്ട് നഗരസഭയിൽ ശേഖരണകേന്ദ്രങ്ങൾ ക്രമീകരിച്ചുകൊണ്ട് പ്രസ്തുത മാലിന്യങ്ങൾ സംസ്ക്കരണത്തിനു വേണ്ടി ശേഖരിക്കൽ

18. കെട്ടിട നിർമ്മാണം –പൊളിക്കൽ എന്നിവയുടെ ഭാഗമായി ഉണ്ടാകുന്ന മാലിന്യം നഗരസഭയുടെ അനുവാദത്തോടെ സംസ്കരിക്കൽ

19. മാലിന്യങ്ങൾ അവ ഉത്ഭവിക്കുന്ന സ്ഥലത്ത് വെച്ച് ജൈവം, അജൈവം, അപകടകരം എന്നിവയായി വേർതിരിച്ച് ശേഖരിക്കുന്നതിനും സംഭരിക്കുന്നതിനും സംസ്ക്കരണത്തിനും പുനരുപയോഗത്തിനും ശാസ്ത്രീയമായ രീതികൾ ഉറപ്പുവരുത്തുക.

3. **പേരും നിലവിൽ വരുന്ന തീയതിയും**
എ)പ്ലാസ്റ്റിക് - ഖര -ദ്രവ- ഇ- മാലിന്യ പരിപാലന നിയമാവലി 2016
ബി) ഈ നിയമാവലി നഗരസഭ കൗൺസിൽ അംഗീകാരം നൽകുന്ന മുറയ്ക്ക് പ്രാബല്യത്തിൽ വരുന്നതാണ്.

4. **<u>വിജ്ഞാപനത്തിന്റെ പ്രയോഗപരിധി</u>**
ചെങ്ങന്നൂർ നഗരസഭാതിർത്തിക്കുള്ളിലെ സ്വകാര്യ സ്വത്തവകാശം അംഗീകരിക്കപ്പെട്ടിട്ടുള്ളതായാലും മുഴുവൻ വാസസ്ഥലങ്ങളും വ്യാപാരവ്യവസായ കേന്ദ്രങ്ങളും ഇതരസ്ഥലങ്ങളും.

5. **<u>നിർവ്വചനങ്ങൾ</u>**
സംക്ഷിപ്തങ്ങളും – വിശദീകരണങ്ങളും പ്രത്യേകമായി നിർവചിക്കാത്തിടത്തോളം

(1) ചെങ്ങന്നൂർ മുനിസിപ്പാലിറ്റി എന്നാൽ
ചെങ്ങന്നൂർ മുനിസിപ്പാലിറ്റി ആവശ്യമായ സാഹചര്യങ്ങളിൽ മുനിസിപ്പൽ പ്രതിനിധികളും എന്നാർത്ഥമാകുന്നു.

**(2) "മുനിസിപ്പൽ സെക്രട്ടറി എന്നാൽ**
ചെങ്ങന്നൂർ മുനിസിപ്പൽ സെക്രട്ടറിയോ, ആവശ്യമായ സാഹചര്യങ്ങളിൽ കേരളാമുനിസിപ്പൽ ആക്ട് 50(2) വകുപ്പ് പ്രകാരം സെക്രട്ടറിയുടെ അധികാരങ്ങൾ നൽകി ചുമതലപ്പെടുന്ന മുനിസിപ്പൽ ഉദ്യോഗസ്ഥനോ എന്നർത്ഥമാകുന്നു.

**(3) ഹെൽത്ത് ഇൻസ്പെക്ടർ എന്നാൽ**
ഹെൽത്ത് വിഭാഗ തലവൻ എന്നർത്ഥമാകുന്നു.

**(4) ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ എന്നാൽ**
വാർഡുകളുടെ സാനിറ്റേഷൻ മറ്റ് ആരോഗ്യ പ്രവർത്തനങ്ങളുടെ മുഖ്യമേൽനോട്ടക്കാരൻ എന്നർത്ഥമാകുന്നു.

**(5) ടെക്നിക്കൽ ഓഫീസർ എന്നാൽ**
ഈ നിയമങ്ങൾ പ്രാബല്യത്തിൽ വരുത്തുന്നതിനും നിയമ ലംഘനങ്ങൾ നിരീക്ഷിക്കുന്നതിനും ആയതിൻ മേൽ കോടതിയുമായി ബന്ധപ്പെട്ട് പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുന്നതിനും ചെങ്ങന്നൂർ മുനിസിപ്പൽ സെക്രട്ടറി അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥൻ എന്ന് അർത്ഥമാക്കുന്നു.

**(6) "പൗര ശുചിത്വ സംഘങ്ങൾ" എന്നാൽ**
നഗരസഭയുടെ തീരുമാന പ്രകാരം നഗര മാലിന്യം പരിപാലനം സംസ്ക്കരണ പ്രവർത്തനങ്ങളുടെ പ്രചാരണം നടത്തിപ്പ്, നിരീക്ഷണം, പ്രചാരണം, റിപ്പോർട്ട്, തയ്യാറാക്കൽ, ബോധവൽക്കരണം, പശ്ചാത്തല രൂപീകരണം, പരിശീലനം തുടങ്ങിയവ നിർവഹിക്കുന്നതിനായി ജനപ്രതിനിധികളുടെ നേതൃത്വത്തിൽ സന്നദ്ധ സാമൂഹിക പ്രവർത്തകരുടെ പിൻതുണയോടെ രൂപപ്പെടുത്തുന്ന പൗര ശുചിത്വ

സംഘങ്ങൾ എന്ന് അർത്ഥമാക്കുന്നു.

**(7) റസിഡൻസ് അസോസിയേഷൻ**

നഗരസഭാ പരിധിയിൽ, സ്ഥിരമായോ, താൽക്കാലികമായോ താമസിക്കുന്നവരുടെ പ്രാദേശിക കൂട്ടായ്മകൾ, രജിസ്റ്റർ ചെയ്തോ, അല്ലാത്തതോ ആയ റസിഡൻഷ്യൽ അസോസിയേഷനുകൾ നഗരസഭയിൽ രജിസ്റ്റർ ചെയ്തിരിക്കേണ്ടതും, അവർക്ക് നമ്പർ നൽകിയിരിക്കേണ്ടതുമാണ്. നഗരമാലിന്യ പരിപാലന സംസ്ക്കരണ പദ്ധതിയിൽ അസോസിയേഷൻ ഒരു ഗുണഭോക്തൃകക്ഷിയായിരിക്കും.

**(8) ക്ലീൻ ചെങ്ങന്നൂർ വളണ്ടിയർ(സി പി വി)**

നഗരമാലിന്യ പരിപാലനാർത്ഥം നഗരസഭ നിയോഗിക്കുന്ന അംഗീകൃത സന്നദ്ധ ശുചീകരണ പ്രവർത്തകർ അഥവാ ഇതിലേക്കായി നിയുക്തമാക്കപ്പെടുന്ന അംഗീകൃത ഏജൻസി. പ്രസ്തുത സേവന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന വ്യക്തികൾ / സംഘടനകൾ എന്നർത്ഥമാക്കുന്നു.

**(9) സാങ്കേതിക ഉപദേശക സമിതി (ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റി)**

നഗരമാലിന്യ സംസ്ക്കരണ നിർമാർജന പ്രക്രിയയുടെ അവലോകനം പരിഷ്കരണം- വിപുലീകരണം എന്നിവയിൽ വിദഗ്ധ ഉപദേശം ലഭ്യമാക്കാൻ ശേഷിയുള്ളതും, ബന്ധപ്പെട്ട രംഗങ്ങളിലെ വിദഗ്ധർ അടങ്ങുന്നതുമായ സമിതി.

**(10) മാലിന്യ നിർമ്മാർജന ഫണ്ട്**

നഗരമാലിന്യ സംസ്ക്കരണ നിർമാർജനം, നിർവഹണം മുൻനിർത്തി കേന്ദ്രസംസ്ഥാന തദ്ദേശ ഭരണം, സർക്കാരുകൾ നൽകുന്ന തനത് വിഹിതമോ സംഭാവനകളോ പിഴ- ആവർത്തിത പിഴ- റവന്യൂ റിക്കവറി- പ്രോസിക്യൂഷൻ തുടങ്ങിയവയിലൂടെ വസൂലാക്കുന്ന പിഴയോ, ഫീസോ, വിഭവമോ,ധനകാര്യ- വായ്പ സ്ഥാപനങ്ങൾ വഴിയുള്ള വിഭവമോ ഉൾപ്പെടെ 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 334 സി വകുപ്പ് പ്രകാരമുള്ള നിധി,

**ഇന്ധനം-** മാലിന്യ നിർഗ്ഗമനത്തിനോ സംസ്ക്കരണത്തിനായോ ആവശ്യമായേക്കാവുന്ന ഊർജം ലഭ്യമാക്കുന്നതോ മാലന്യ സംസ്ക്കരണത്തിന്റെ ഉപോൽപന്നമായി ഉണ്ടാക്കുന്നതോ ആയ ഖര-ദ്രവ-വാതക രൂപങ്ങളിലുള്ള ഇന്ധനം.

**(11) അപ്പീൽ കമ്മിറ്റി**

ഈ ഉപ നിയമാവലി നടത്തിപ്പുമായി ബന്ധപ്പെട്ട അപ്പീലുകൾ തീർപ്പാക്കാൻ നിയുക്തമായി രൂപീകരിക്കപ്പെടുന്ന കമ്മിറ്റി.

**(12) വാർഡ് എന്നാൽ**

ഭരണപരമായ സൗകര്യത്തിനു വേണ്ടി വിഭജിച്ചിട്ടുള്ള ചെങ്ങന്നൂർ മുനിസിപ്പാലിറ്റി പരിധിയിലുള്ള ഇലക്ട്രൽ വാർഡ് എന്നർത്ഥമാക്കുന്നു.

**(13) വാർഡ് സാനിറ്റേഷൻ കമ്മിറ്റി എന്നാൽ**

ഒരു വാർഡിലെ ശുചിത്വം സ്ഥിരമായി പരിശോധിക്കുകയും റിപ്പോർട്ട് നൽകുകയും ശുചീകരണ സംഘത്തിന്റെ ഭാഗമാകുകയും അവർക്ക് വേണ്ട നിർദേശങ്ങൾ നൽകുകയും മാലിന്യം കുറയ്ക്കുകയും അവ പുനചംക്രമണം വഴി വീണ്ടും ഉപയോഗിക്കുന്നതിനുമുള്ള നേതൃത്വം ഏറ്റെടുക്കുന്നതിനുമായി വാർഡ് കൗൺസിലറുടെ നേതൃത്വത്തിൽ സാമൂഹിക സംഘടനകളുടേയും, കുടുംബശ്രീ, റെസിഡൻസ് അസോസിയേഷൻ, എൻ.ആർ.എച്ച്.എം, വിവിധ മേഖലകളിൽ സാങ്കേതിക വൈദഗ്ദ്ധ്യം നേടിയർ എന്നിവർ ഉൾപ്പെട്ട വാർഡ് കമ്മിറ്റി എന്നർത്ഥമാക്കുന്നു.

**(14) അങ്കണം എന്നാൽ**

ഒരു പുരയിടത്തിൽ നിലനിൽക്കുന്ന കെട്ടിടത്തിന്റെ പുറകിലോ, വശങ്ങളിലോ, പൊതുനിരക്കിന്റെ മുൻ വശത്തോ അതിനടുത്തോ നടപ്പാതയുടെ അരികിൽ വരെ നീളുന്ന സ്ഥലത്തിനെ അങ്കണം എന്നർത്ഥമാകുന്നതും ഓവുചാലും, നടവഴിയും, അടക്കം ഈ അങ്കണത്തിൽ ഉൾപ്പെടുന്നതുമാകുന്നു.

**(15)ജൈവവിഘടിത മാലിന്യങ്ങൾ എന്നാൽ**

സസ്യങ്ങളിൽ നിന്നും, മൃഗങ്ങളിൽനിന്നും, ജന്യമാക്കുന്ന മാലിന്യങ്ങൾ എന്നർത്ഥമാകുന്നതും അടുക്കളമാലിന്യങ്ങൾ, ഭക്ഷണാവശിഷ്ടങ്ങൾ, തോട്ടങ്ങളിലും നിന്നുള്ള പൂക്കളുടെയും, ഇലകളുടെയും അവശിഷ്ടങ്ങൾ മാർക്കറ്റിൽ നിന്നുമുള്ള പച്ചക്കറി, മത്സ്യം, മാസ്യംഎന്നിവയുടെ അവശിഷ്ടങ്ങൾ തുടങ്ങിയവ ഉൾപ്പെടുന്നതുമാകുന്നു.

**16) ആശുപത്രി മാലിന്യങ്ങൾ എന്നാൽ**

മനുഷ്യർക്കും മൃഗങ്ങൾക്കും ചികിത്സ, രോഗപ്രതിരോധ പ്രവർത്തനങ്ങൾ, രോഗനിർണ്ണയം തുടങ്ങിയവ നടത്തുമ്പോൾ ഉണ്ടാകുന്ന മാലിന്യങ്ങൽ അഥവാ അതുമായി ബന്ധപ്പെട്ട ഗവേഷണ പ്രവർത്തനത്തിലേ ജൈവപരമായ പരിശോധനയിലൂടെ ഉൽഭവിക്കുന്ന മാലിന്യങ്ങൾ എന്നർത്ഥമാക്കുന്നു.

ഉറവിടം- മാലിന്യങ്ങൾ രൂപപ്പെടുന്ന പ്രാഥമികമായ ഇടം അഥവാ സ്ഥലം

**17) ബൾക്ക് ജനറേറ്റർ എന്നാൽ വൻകിട മാവിന്യ ഉൽപാദകർ**

കേന്ദ്രസംസ്ഥാന സർക്കാർ വകുപ്പുകളുടെ കൈവശത്തിലും, നിയന്ത്രണത്തിലും ഉള്ള കെട്ടിടങ്ങൾ, സ്ഥാപനങ്ങൾ, പെതുമേഖലാ കമ്പനികൾ. സ്വകാര്യ കമ്പനികൾ, ആശുപത്രികൾ, നേഴ്സിങ് ഹോമുകൾ, സ്കൂളുകൾ, കേളേജുകൾ, യൂണിവേഴ്സിറ്റികൾ, മറ്റു വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ഹോസ്റ്റലുകൾ, ഹോട്ടലുകൾ, കല്യാണ മണ്ഡപങ്ങൾ, ഹാളുകൾ, ഓഡിറ്റോറിയങ്ങൾ, മറ്റു വാണിജ്യ സ്ഥാപനങ്ങൾ, മാർക്കറ്റുകൾ, അറവുശാലകൾ, ഷോപ്പിംഗ് മാളുകൾ, ഫ്ളാറ്റുകൾ, സിനിമ തീയറ്ററുകൾ ആരാധനാലയങ്ങൾ,സ്റ്റേഡിയങ്ങൾ തുടങ്ങി (എം.എസ് ഡബ്ല്യു റൂൾസ് 2016 3 (8) പ്രകാരം നിർണ്ണയിക്കപ്പെട്ടതാകുന്നു

**(18)വെയ്സ്റ്റ് പിക്കേർസ് എന്നാൽ**

എം എസ് ഡബ്ല്യു റൂൾസ് 2016 3 (58) പ്രകാരം നിർണ്ണയിക്കപ്പെട്ടതാകുന്നു. പ്രസ്തുത ജോലിയിൽ ഏർപ്പട്ട വ്യക്തികൾ എന്നർത്ഥമാകുന്നു.

**19) അനൗപചാരിക മാലിന്യ ശേഖരണം എന്നാൽ**

2016 ലെ എം എസ് ഡബ്ല്യു ചട്ടം 3(28) പ്രകാരം നിർവചിക്കപ്പെട്ടതാകുന്നു. പ്രസ്തുത ജോലിയിൽ ഏർപ്പെട്ടവ്യക്തികൾ എന്നർത്ഥമാകുന്നു.

**(20) ഏജൻസി/ഏജന്റ് എന്നാൽ**

പരസ്പരം ഉള്ള കരാർ അടിസ്ഥാനത്തിൽ നഗരസഭയ്ക്ക് വേണ്ടി ഒരു വ്യക്തിയോ, സ്ഥാപനങ്ങളോ, സംഘങ്ങളോ തെരുവുകൾ വൃത്തിയാക്കുക ചവറുകൾ ശേഖരിക്കുക, സർവീസ് ചാർജുകൾ തുടങ്ങിയചുമതലകൾ നിർവഹിക്കുകയോ പ്രവർത്തിക്കുകയോ ചെയ്യുന്നു വെങ്കിൽ അവയെ ഏജൻസി/ ഏജന്റ് എന്നർത്ഥമാക്കുന്നു.

**(21) ബയോ മീഥെയ്നേഷൻ എന്നാൽ**

സൂക്ഷ്മാണുക്കളെ ഉപയോഗിച്ച് ജൈവ പദാർത്ഥങ്ങൾ വിഘടിപ്പിച്ച് മീഥെയ്ൻ ഉൾപ്പെടുന്ന ജൈവവാതകങ്ങൾ ഉൽപാദിപ്പിക്കുന്ന പ്രക്രിയയെ ബയോമീഥൈയ്നേഷൻ എന്നർത്ഥമാകുന്നു.

**കൈകാര്യക്കാർ**

ഒരു പുരയിടമോ കെട്ടിടമോ അവയുടെ ഒരു ഭാഗമോ ഏതെങ്കിലും ആവശ്യത്തിലേക്കായി കൈവശത്തിൽ വച്ച് ഉപയോഗിക്കുകയോ കൈകാര്യം ചെയ്യുകയോ നിർവഹിക്കുകയോചെയ്യുന്ന വ്യക്തി അഥവാ സ്ഥാപനം.

**കൈവശക്കാർ**

ഒരു പുരയിടമോ കെട്ടിടമോ അവയുടെ ഒരു ഭാഗമോ നിയന്ത്രണത്തിൽ വച്ചിട്ടുള്ള ഉടമസ്ഥരല്ലാത്തവരോ ആയ വ്യക്തി അഥവാ സ്ഥാപനം.

22) മാലിന്യ വിമുക്ത മേഖലാ

23) വേസ്റ്റ് ഫ്രീസോൺ എന്നാൽ

ഉയർന്ന നിലവാരത്തിലുള്ള ശുചിത്വം എല്ലായ്പ്പോഴും

ഉണ്ടായിരിക്കുന്നതിനും, പൊതുജനങ്ങൾക്ക് യാതൊരുവിധ ശല്യവും ഉണ്ടാകാതിരിക്കുന്നതിനും മാലിന്യാവശിഷ്ടങ്ങൾ ഒട്ടും തന്നെ ഇല്ലാതിരിക്കുന്നതിനും കൗൺസിലിനുവേണ്ടി സെക്രട്ടറി വ്യക്തമായി നിർദ്ദേശിച്ചിട്ടുള്ള പൊതുവഴിയോ വഴികളോ ഏതെങ്കിലും പൊതുസ്ഥലമോ കെട്ടിടങ്ങളോ ഇവ മൂന്നും ഉൾപ്പെട്ടിട്ടുള്ള മേഖലയും ഹെറിട്ടേജ് സോൺ ടൂറിസം കേന്ദ്രങ്ങൾ എന്നിവയും മാലിന്യ മുക്ത മേഖലയിൽ ഉൾപ്പെടുന്നവതാകുന്നു.

24) കെട്ടിട നിർമ്മാണ സാമഗ്രികളിൽ നിന്നുമുള്ള മാലിന്യം എന്നാൽ

കെട്ടിട നിർമ്മാണം നന്നാക്കൽ പൊളിയ്ക്കൽ എന്നീ സമയത്ത് നിർമ്മാണ സാമഗ്രികളിൽ നിന്നുമുണ്ടാകുന്ന അപകടകര മല്ലാത്ത മാലിന്യം എന്നർത്ഥമാകുന്നു.

**25) വരണ്ട മാലിന്യം എന്നാൽ**

വരണ്ടമാലിന്യം എന്നാൽ 2016 ലെ എം. എസ് ഡബ്ള്യൂ റൂൾസിൽ 3(19) പ്രകാരം നിർവചിക്കപ്പെട്ടതാകുന്നു.

**26) ഡൊമസ്റ്റിക് ഹസാർഡ്സ് മാലിന്യം എന്നാൽ**

ഉപയോഗ ശൂന്യമായതും ഉപേക്ഷിക്കപ്പെടുന്നുതുമായ പെയിന്റ് പാത്രങ്ങൾ, കീടനാശിനിയുടെ പാത്രങ്ങൾ, സി.എഫ്.എൽ/ എൽ ഇ ഡി ബൾബുകൾ, ടൂബ് ലൈറ്റുകൾ, കാലാവധി കഴിഞ്ഞ മരുന്നുകൾ, ഉപയോഗിച്ച സിറിഞ്ചുകൾ, മലിനമാക്കപ്പെട്ട പാത്രങ്ങൾ, എൽ.ഇ.ഡി ബാറ്ററികൾ എന്നിവയാകുന്നു. 2016 ലെ ഖരമാലിന്യ പരിപാലന ചട്ടങ്ങളിലെ ചട്ടം 3(19) പ്രകാരം നിർവചിക്കപ്പെട്ടതാകുന്നു.

(26) **സാനിറ്ററി വേസ്റ്റ് എന്നാൽ**

2016 ഖരമാലിന്യ പരിപാലന ചട്ടങ്ങളിലെ ചട്ടം 3(41) പ്രകാരം നിർവചിക്കപ്പെട്ടതാകുന്നു.

(28) **സോളിഡ് വേസ്റ്റ് എന്നാൽ ഖര മാലിന്യം**

2016 ലെ ഖര മാലിന്യ പരിപാലന ചട്ടങ്ങളിലെ ചട്ടം 3 (46) പ്രകാരം നിർവചിക്കപ്പെട്ടതാകുന്നു.

(29) **തെരുവ് കച്ചവടക്കാരൻ എന്നാൽ**

തെരുവ്. നടപ്പാത, ഊടുവഴി, ഇടവഴി, റോഡരിക്, പൊതു പാർക്ക് തുടങ്ങിയ സ്ഥലങ്ങളിൽ ഒരു സ്ഥലത്ത് നിന്ന് മറ്റൊരു സ്ഥലത്തേക്ക് സഞ്ചരിക്കുന്ന രീതിയിൽ ചലിക്കുന്ന രീതിയിൽ പ്രത്യേക ഘടനയോടു കൂടി നിർമ്മിച്ച ഉരുളുന്ന ചക്രങ്ങളോടുകൂടിയ വണ്ടിയിലോ താൽക്കാലിക സംവിധാനം വഴിയോ പൊതുജനാരാഗ്യത്തിന് ശുചിത്വം നിലനിർത്തി വസ്തുക്കൾ മറ്റ് ചരക്കുകൾ ഭക്ഷണ സാധനങ്ങൾ എന്നിവ എല്ലാ ദിവസങ്ങളിലും പൊതു ജനങ്ങൾക്ക് വിൽപ്പന നടത്തുന്നവ്യക്തി എന്നാകുന്നു. ആയതിൽ നടന്ന് വിൽപ്പന നടത്തുന്ന വ്യക്തി വഴി വാണിഭക്കാരൻ തുടങ്ങിയ സമാന രീതിയിൽ വിൽപ്പന നടത്തുന്നവരും കച്ചവടക്കാരും ഉൾപ്പെടുന്നു.

**മുന്നറിവ്-** വിജ്ഞാപനത്തിന്റെ പരിചയപ്പെടുത്തലിനും സ്വാംശീകരണത്തിനുമായി പട്ടികപ്പെടുത്തിയ പ്രകാരമുള്ള നഗര മാലിന്യ പരിപാലനം സംബന്ധിച്ച മുന്നറിയിപ്പ് ഇത് സംബന്ധിച്ച് അനുവദിക്കുന്ന പ്രത്യേക കാലയളവ് മുന്നറിയിപ്പ് കാലം എന്നു പറയുന്നു. ഈ കാലയളവിൽ വിജ്ഞാപന വ്യവസ്ഥകളുടെ ലംഘനത്തിന് കൊടുക്കേണ്ടതായ പിഴ ശിക്ഷയിൽ നിർണ്ണയിക്കുന്ന നിരക്കിൽ ഇളവ് അനുവദിക്കാൻ നഗരസഭ അഥവാ അംഗീകൃതമാക്കാവുന്ന ഉദ്യോഗസ്ഥർക്ക് അധികാരവുണ്ടായിരിക്കും.

(30) **ഉദ്യോനപരിപാലനത്തിൽ നിന്നുമുണ്ടാകുന്ന മാലിന്യം എന്നാൽ**

പൂന്തോട്ടത്തിൽ നിന്നും അധികമായുണ്ടാകുന്ന മാലിന്യങ്ങളെന്നർത്ഥമാകുന്നതും വെട്ടിമാറ്റപ്പെട്ട പുല്ലും കൊഴിഞ്ഞ ഇലകളും , മരത്തൊലിയും വലിയ ശിഖരങ്ങളും, ചില്ലകളും തടി കഷ്ണങ്ങളും ഉൾപ്പെടുന്നതുമാകുന്നു.

(31) **മാലിന്യ ഉൽപ്പാദകർ എന്നാൽ**

ഒരു താമസ സ്ഥലത്ത് നിന്നോ വാണിജ്യ–ഷോപ്പിംഗ് മാളുകൾ അല്ലാതെ ഉപയോഗിക്കുന്ന സ്ഥലത്ത് നിന്നോ, കെട്ടിട സമുച്ചയത്തിൽ നിന്നോ, ഇൻഡ്യൻ റെയിൽവെ – സൈനിക മേഖല ഉൾപ്പെടെ മാലിന്യം ഉണ്ടാക്കുന്ന വ്യക്തിയോ, വ്യക്തികളോ എന്നാകുന്നു. തെരുവ് കച്ചവടക്കാരും, നൂറോ അതിലധികമോ ആളുകൾ പങ്കെടുക്കുന്ന ഏത് ചടങ്ങുകൾ, അവ ഏത് പേരിലറിയപ്പെട്ടാലും പ്രസ്തുത ചടങ്ങുകളും , അത് മാലിന്യ ഉൽപ്പാദക വിഭാഗത്തിൽ പെടുന്നതാണ്.

(32) **അപകടകരമായ മാലിന്യം എന്നാൽ**

തീ പിടിക്കുന്നതും പ്രതികരണശേഷിയുള്ളതും രാസപ്രവർത്തനം നടന്നേക്കാവുന്നതും ചില സാഹചര്യങ്ങളിൽ പൊട്ടിത്തെറിക്കാവുന്നതുമായ മാലിന്യവും ആശുപത്രി മാലിന്യവും എന്നർത്ഥമാകുന്നു.

(33) **അലക്ഷ്യ വസ്തുക്കൾ (ലിറ്റർ) എന്നാൽ**

ഗാർഹീകമോ വാണിജ്യപരമോ ആയ ഖര– ദ്രവ– ഇ–മാലിന്യങ്ങൾ ഒരു പൊതുസ്ഥലത്ത് നിക്ഷേപിക്കപ്പെട്ടിട്ട് അതിന്റെ ആകൃതിയോ, വലിപ്പമോ, സ്വഭാവമോ, അളവോ മൂലം എന്തെങ്കിലും ശല്യമുണ്ടാവുകയും ആ സ്ഥലത്തെ ശരിയായ രീതിയിൽ ഉപയോഗിക്കാൻ പറ്റാതെ വരുകയും ചെയ്യുന്നുവെങ്കിൽ അവ അലക്ഷ്യമായ വസ്തുക്കൾ എന്നർത്ഥമാകുന്നു.

**(34) അലക്ഷ്യമായ മാലിന്യനിക്ഷപം (ലിറ്ററിംഗ്)എന്നാൽ**

ലിറ്ററുകൾ (അലക്ഷ്യവസ്തുക്കൾ) പൊതുസ്ഥലത്തേയ്ക്ക് എത്തിപ്പെടുന്ന വിധത്തിൽ സാവധാനത്തിലോ, ശക്തിയിലോ, ഒഴുകിയോ, പറന്നോ, താഴേയ്ക്കുവീണോ അതിനായി അനുവദിക്കുകയോ സംഭവിപ്പിക്കുകയോ ചെയ്യുന്നതിനെ അലക്ഷ്യമായ മാലിന്യ നിക്ഷേരം എന്നർത്ഥമാകുന്നു.

**(35) നഗരമാലിന്യം എന്നാൽ**

ചെങ്ങന്നൂർ മുനിസിപ്പാലിറ്റിയുടെ പരിധിയിൽ ഉൽഭവിച്ചിട്ടുള്ളതോ എണ്ണിത്തിട്ടപ്പെടുത്തുന്നതോ അപകടകരമായ വ്യവസായിക ആശുപത്രി മാലിന്യങ്ങൾ ഒഴിച്ച് ഗർഹികമോ വാണജ്യപരമോ ആയ ഖര, അർദ്ധഖര ദ്രവ, അവസ്ഥയിലുള്ള മാലിന്യങ്ങളും ശുദ്ധീകൃതമായ ആശുപത്രി മാലിന്യങ്ങളും എന്നർത്ഥമാകുന്നു.

**(36) പ്ലാസ്റ്റിക് മാലിന്യം എന്നാൽ**

2016 ലെ പ്ലാസ്റ്റിക് വേസ്റ്റ് (മാനേജ്മെന്റ് – ഹാന്റലിംഗ്) ചട്ടം 3 (9) നിർവ്വചന പ്രകാരമുള്ള മാലിന്യം എന്നർത്ഥമാകുന്നു.

**(37) ജഡാവസ്ഥയിലുള്ള ഖരമാലിന്യം എന്നാൽ**

സാനിട്ടറി മണ്ണുനിറയ്ക്കലിന് ഉപയോഗിക്കാവുന്ന ഏതുതരം ഖരമാലിന്യവും ഈ വിഭാഗത്തിൽപ്പെടുന്നു. ഭൗതീക രാസ ജൈവപ്രവർത്തനത്തിനു ശേഷം അവശേഷിക്കുന്ന ചെറിയ ഭാഗങ്ങൾ ഇത്തരത്തിലുള്ളതാണ്.

**(38) പ്രക്രിയ എന്നാൽ**

ഖരമാലിന്യം വീണ്ടും ഉപയോഗിക്കാവുന്ന വിധത്തിൽ പുന ചംക്രമണത്തിലൂടെ രൂപപ്പെടുത്തുകയോ നികത്തലിനുപയുക്തമായ രീതിയിൻ മാറ്റിയെടുക്കുകയോ ചെയ്യുന്ന ശാസ്ത്രീയമായ രീതി എന്നർത്ഥമാകുന്നു.

**(39) പുന ചംക്രമണം (റീ– സൈക്ക്ളിംഗ്) എന്നാൽ**

വേർതിരിച്ചെടുത്ത ജൈവ വിഘടിതമല്ലാത്ത ഖരമാലിന്യം പുതിയ ഉൽപ്പന്നങ്ങൾക്കുവേണ്ടിയുള്ള അസംസ്കൃത വസ്തുക്കളായി രൂപപ്പെടുത്തിയെടുക്കുന്ന പ്രക്രിയ എന്നർത്ഥമാകുന്നതും എന്നാൽ ഈ ഉൽപ്പന്നങ്ങൾക്ക് യഥാർത്ഥ ഉൽപ്പന്നങ്ങളുമായി സാമ്യമുണ്ടാവുകയോ , ഉണ്ടാവാതിരിക്കുകയോ ആവാം.

**(40) വേർതിരിക്കൽ എന്നാൽ**

നഗരമാലിന്യം ജൈവവിഘടിത മാലിന്യങ്ങൾ അജൈവമാലിന്യങ്ങൾ, ആശുപത്രിമാലിന്യം, അപകടകരമായത്, നിർമ്മാണാവശിഷ്ടങ്ങൾ, ഇ മാലിന്യങ്ങൾ ജഡാവസ്ഥയിലുള്ളത് എന്നിങ്ങനെ വ്യക്തമായ വിഭാഗങ്ങളായി വേർതിരിയ്ക്കുക എന്നർത്ഥമാകുന്നു.

**(42) സ്ഥിരാവസ്ഥയിലുള്ള ജൈവവിഘടിത മാലിന്യം എന്നാൽ**

ജൈവമാലിന്യങ്ങളുടെ വിഘടനത്തിനുശേഷം അവശേഷിക്കുന്നതും പുനരുപയോഗത്തിന് സാദ്ധ്യമായതും എന്നർത്ഥമാകുന്നു.

**(43) സംഭരണം എന്നാൽ**

അധികമായി ദുർഗന്ധം വമിക്കാതെ, തെരുവുമൃഗങ്ങളിൽ നിന്നും പക്ഷികളിൽ നിന്നും അകറ്റി അലക്ഷ്യമായ നിക്ഷേപങ്ങൾ തടഞ്ഞ് നഗരമാലിന്യം താല്ക്കാലികമായി ശേഖരിക്കുന്നതിനെ സംഭരണം എന്നുപറയുന്നു.

**(44) സംഭരണികൾ എന്നാൽ**

നഗരമാലിന്യങ്ങൾ ശേഖരിക്കുവാൻ ഉപയോഗിക്കാവുന്ന ബക്കറ്റുകൾ, ബിന്നുകൾ, കണ്ടെയിനറുകൾ തുടങ്ങി എല്ലാവിധ സംഭരണികളും എന്നർത്ഥമാകുന്നു.

**(45) നീക്കംചെയ്യൽ നിരക്ക് എന്നാൽ**

മാലിന്യ ഉല്പ്പാദക കേന്ദ്രങ്ങളിൽ നിന്നും സമയാസമയങ്ങളിൽ നഗരമാലിന്യം ശേഖരിച്ച്കൊണ്ടുപോയി നിർമ്മാർജ്ജനം ചെയ്യുന്നതിന് ചെങ്ങന്നൂർ മുനിസിപ്പാലിറ്റി ഈടാക്കുന്ന നിരക്ക് എന്നർത്ഥമാകുന്നതും മാലിന്യ നീക്കത്തിന് വ്യാപാരകേന്ദ്രങ്ങൾക്കും വീടുകൾക്കും ചുമത്താവുന്ന നിരക്കുകളും ഇതിൽപ്പെടുന്നതുമാകുന്നു.

**(46) ഉൽഭവസ്ഥാനം എന്നാൽ**

മാലിന്യ ഉറവിടമോ അല്ലെങ്കിൽ മാലിന്യം സംഭരണത്തിന് - വേർതിരിച്ച് സൂക്ഷിക്കുന്നതിനുവേണ്ടി ഉടമസ്ഥരോ, കൈവശാവകാശക്കാരോ ഉപയോഗിക്കുന്ന സ്വകാര്യ- പൊതുസ്ഥലം എന്നർത്ഥമാകുന്നു.

**(47) ഗതാഗതം എന്നാൽ**

നഗരമാലിന്യം ഒരു സ്ഥലത്തുനിന്നും മറ്റൊരു സ്ഥലത്തേയ്ക്ക് കൊണ്ടുപോകുന്നതിനെ ഗതാഗതം എന്നർത്ഥമാകുന്നു.

**(48) പൊതുസ്ഥലം എന്നാൽ**

പൊതുജനങ്ങൾക്ക് നടക്കുന്നതിന് അവകാശമുള്ള വഴികളും, അവർക്ക് പ്രവേശനം അനുവദിയ്ക്കപ്പെട്ട സ്ഥലങ്ങളും പുറംമ്പോക്ക് ഭൂമിയും എന്നർത്ഥമാകുന്നു.

**(49) ചുറ്റുപാടുകൾ എന്നാൽ**

ഗാർഹിക, വ്യവസായിക , വ്യാപാര, വാണിജ്യ , സേവന , സർക്കാർ , പൊതുജന, സ്വകാര്യ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന കെട്ടിടങ്ങൾ , കെട്ടിടങ്ങളിലെ മുറികൾ,വീടുകൾ, എടുപ്പുകൾ, ഷെഡ്ഡുകൾ , കുടിലുകൾ , ഇഷ്ടികയോ, തടിയോ, ചെളിയോ, തുടങ്ങിയ വസ്തുക്കൾ കൊണ്ടുണ്ടാക്കിയ മറ്റ് ശാലകൾ , ഓഫീസുകൾ നിൽക്കുന്ന സ്ഥലം ( അടച്ചതായാലും തുറന്നതായാലും ) മുകളിലോട്ടു പണിതതോ, അല്ലാത്തതോ ആയാലും ചുറ്റുപാടുകൾ എന്നർത്ഥമാകുന്നതും ചെങ്ങന്നൂർ മുനിസിപ്പൽ സെക്രട്ടറി, വണ്ടികൾ പാർക്ക് ചെയ്യുന്നതിനോ, തെരുവുകച്ചവടത്തിനോ, വസ്തുക്കൾ സംഭരിക്കുന്നതിനോ, പൊതുവായതോ, സ്വകാര്യമായതോ ആയ മറ്റേതെങ്കിലും ആവശ്യങ്ങൾക്ക് അനുവദിക്കുന്ന പൊതു റോഡുകളും ഇതിൽപ്പെടുന്നതുമാകുന്നു.

**50) വാതിൽ പുറ ശേഖരണം എന്നാൽ**

ചെങ്ങന്നൂർ മുനിസിപ്പൽ എന്ന നിർദ്ദേശിക്കപ്പെട്ട കേന്ദ്രങ്ങളിൽ നിന്നും നഗരത്തിലെ ഖരമാലിന്യംസംഭരിക്കുന്ന രീതിയെന്നർത്ഥമാക്കുന്നതും ഇതിലേയ്ക്കായി തരംതിരിച്ച് സംഭരിച്ച് മാലിന്യം വണ്ടിയിലേയ്ക്ക്മാലിന്യ ഉൽപ്പാദകനോ ശേഖരിക്കുന്ന

വ്യക്തിയോ തന്നെകൊണ്ടുവന്ന് നിക്ഷേപിക്കേണ്ടതുമാകുന്നു.

**(2) വ്യക്തി എന്നാൽ**

വ്യക്തിയോ, വ്യക്തികളോ, കടയോ, സ്ഥാപനമോ, കമ്പനികളോ, സംഘടനകളോ, സംയുക്തമായിട്ടോ അല്ലെങ്കിൽ അവയുടെ പ്രതിനിധികളോ എന്നർത്ഥമാകുന്നു.

**(3) ഉടമസ്ഥൻ എന്നാൽ**

ഒരു കെട്ടിടത്തിന്റെയോ ഭൂമിയിടെയോ അഥവാ അതിന്റെ ഭാഗങ്ങളുടെയോ ഉടമസ്ഥാവകാശം അനുഭവിക്കുന്ന വ്യക്തി എന്നർത്ഥമാകുന്നു.

**(4) കൈകാര്യക്കാരൻ/ കൈകാര്യക്കാർ എന്നാൽ**

ഒരു വ്യക്തി ഭൂമിയോ, കെട്ടിടമോ അല്ലെങ്കിൽ അതിന്റെ ഭാഗമോ ഏതെങ്കിലും ഒരാവശ്യത്തിനുവേണ്ടി ഉപയോഗിക്കുന്നുവെങ്കിൽ, അഥവാ കൈകാര്യം ചെയ്യുന്നുവെങ്കിൽ ആ വ്യക്തിയെ കൈകാര്യക്കാരൻ എന്നും അങ്ങനെയുള്ള വ്യക്തികളെ കൈകാര്യക്കാർ എന്നും അർത്ഥമാകുന്നു.

**(5) പുതിയ നിർമ്മാണങ്ങൾ എന്നാൽ**

ചെങ്ങന്നൂർ നഗരസഭയിൽ പണിയുന്ന എല്ലാ കെട്ടിടങ്ങളോടും അനുബന്ധിച്ച് ഖരദ്രവമാലിന്യ നിർമ്മാർജ്ജന യൂണിറ്റ് നിർബന്ധമാണ്. വിജ്ഞാപന തീയതിക്കുശേഷമുള്ള എല്ലാ നിർമ്മാണങ്ങളും പുതിയ നിർമ്മാണങ്ങൾ എന്നനിർവചനത്തിലുൾപ്പെടുന്നു.

**(6) അയൽപക്കം എന്നാൽ**

ഒരുപ്രദേശത്ത് നിവസിക്കുന്നവരുടെയോ, ആ പ്രദേശത്തിന്റേയോ പ്രത്യേകതകൾ കണക്കിലെടുത്ത് വളരെ വ്യക്തമായി നിർവ്വചിച്ചിട്ടുള്ള ഒരു സ്ഥലം എന്നർത്ഥമാകുന്നു.

**(7) ലാൻഡ്ഫിൽ എന്നാൽ**

ഖരമാലിന്യങ്ങളുടെ അവശിഷ്ടഭാഗങ്ങൾ നിക്ഷേപിക്കുന്നതിനു വേണ്ടിയുള്ള നിർമ്മാർജ്ജന സ്ഥാനം ലാൻഡ്ഫിൽ എന്നർത്ഥമാകുന്നതും പരിസ്ഥിതി മലിനീകരണം ഉണ്ടാക്കത്തമിധം ആവശ്യമായ സുരക്ഷാ നടപടികൾ ഇവിടെ നിക്ഷേപിക്കുന്ന വസ്തുക്കൾ ഭൂഗർഭജലം , ഭൗമോപരിതലത്തിലുള്ള ജലം, വായു, തുടങ്ങി.വ മലിനപ്പെടാതെയും തീപിടിയ്ക്കാനിടയില്ലാത്തതും പൊടി, വെള്ളക്കെട്ട് , ദുർഗന്ധം , മണ്ണൊലിപ്പ് , പക്ഷിമൃഗാദികളുടെ ശല്യം ഇവ ഉണ്ടാകാത്തതും , ഗ്രീൻഹൗസ് വാതകങ്ങൾ പുറപ്പെടുവിക്കാത്തതുമായിരിക്കേണ്ടതുമാകുന്നു.

**(8) ഇടുങ്ങിയ ഓവുചാലുകൾ എന്നാൽ**

കുളിമുറികളിൽ നിന്നും, മൂത്രപുരകളിൽ നിന്നും, കുളങ്ങളിൽ നിന്നും വെള്ളമൊഴികി മാലിന്യനിർമ്മാർജ്ജനം സുഗമമാക്കുന്നതിനുവേണ്ടി പണിതിട്ടുള്ള കൈവഴി അഥവാ മറ്റ് മാലിന്യങ്ങൾ നീക്കം ചെയ്യുമ്പോഴോ, വൃത്തിയാക്കുമ്പോഴോ വേണ്ടി വരുന്ന ഇടുങ്ങിയ ചാല് എന്നർത്ഥമാകുന്നു.

**(9) ഡ്രൈവേസ്റ്റ് തരംതിരിവ് കേന്ദ്രം എന്നാൽ**

ഡ്രൈവേസ്റ്റ് സ്വീക്കരിക്കുന്നതിനും, തരംതിരിക്കുന്നതിനും വേണ്ടി നഗരസഭയുടേയോ , ഗവൺമെന്റിന്റെയോ ഭൂമിയിലോ പൊതുസ്ഥലത്തോ സ്ഥാപിച്ചിട്ടുള്ള ഷെഡുകൾ, മൂടിയുള്ള കണ്ടെയ്നറുകൾ/അതിനായി നിയുക്തമാക്കിയിട്ടുള്ള സ്ഥലങ്ങൾ എന്നർത്ഥമാകുന്നു.

**(10) കൈമാറ്റം എന്നാൽ**

ഏതെങ്കിലും തരം മാലിന്യം നഗരസഭ തൊഴിലാളിയ്ക്കോ , അതിനായി നിയമിച്ചിട്ടുള്ളതും അധികാരപ്പെടുത്തിയിട്ടുള്ളതും ലൈസൻസ് നൽകിയിട്ടുള്ളതുമായ വ്യക്തികൾക്കോ, ഏജൻസിക്കോ കൈമാറുന്നതിനേയും അതിനുവേണ്ടി നിയുക്തമാക്കിയിട്ടുള്ള നഗരസഭയുടെയോ, വ്യക്തികളുടെയോ ഏജൻസികളുടെയോ വാഹനങ്ങളിൽ നിക്ഷേപിയ്ക്കുന്നതിനെയും കൈമാറ്റം എന്നർത്ഥമാകുന്നു.

**(11)ചേരികൾ ദത്തെടുക്കൽ പദ്ധതി എന്നാൽ**

ചേരികൾക്ക് പൂർണ്ണ ശുചിത്വം നേടിക്കൊടുക്കുന്നതിനുവേണ്ടി സാമൂഹ്യസംഘടനകളിലൂടെ ചെങ്ങന്നൂർ മുനിസിപ്പാലിറ്റി നടപ്പിലാക്കുന്ന പദ്ധതി എന്നർത്ഥമാകുന്നു.

**(12) പ്രാദേശിക മാലിന്യശേഖരണകേന്ദ്രം എന്നാൽ**

ഒന്നോ അതിലധികമോ സ്ഥലത്തെ കെട്ടിട ഉടമസ്ഥരോ കൈകാര്യക്കാരോ തരംതിരിച്ച് മാലിന്യം ശേഖരിക്കുന്നതിനുവേണ്ടി അവരുടെ സ്വകാര്യസ്ഥലത്തോ ഏതെങ്കിലും പൊതുസ്ഥലത്തോ തയ്യറാക്കിയിട്ടുള്ളതും നിലനിർത്തി പോരുന്നതുമായ ശേഖരണകേന്ദ്രം എന്നർത്ഥമാകുന്നു.

**(13) ഉറവിടങ്ങളിൽ നിന്നുമുള്ള ശേഖരണം എന്നാൽ**

ഒരു പുരയിടത്തിൽ നിന്നോ കെട്ടിട സമുച്ചയങ്ങളുടെ പൊതുവായ സ്ഥലത്തുനിന്നോ വ്യാപാരസ്ഥാപനങ്ങളിൽ നിന്നോ നഗരസഭ നേരിട്ടുമാലിന്യം ശേഖരിക്കുന്നത് എന്ർത്ഥമാകുന്നതും ഇതിനെ വീടുകൾ തോറുമുള്ള ശേഖരണം അല്ലെങ്കിൽ വതിൽപ്പുറശേഖരണം എന്നുപറയുന്നതുമാകുന്നു.

**(14) ശേഖരണം എന്നാൽ**

ഏതെങ്കിലും പ്രദേശത്തു നിന്നോ സ്ഥിരമായ ശേഖരണ കേന്ദ്രങ്ങളിൽ നിന്നോ നഗരമാലിന്യങ്ങൾ എടുക്കുകയും അവ നീക്കം ചെയ്യുകയും ചെയ്യുന്നതിനെ ശേഖരണം എന്നർത്ഥമാകുന്നു.

**(15) വളം നിർമ്മാണം എന്നാൽ**

സൂക്ഷ്മാണുക്കളെ പ്രയോജനപ്പെടുത്തി മാലിന്യങ്ങൾ അരച്ച് പൾപ്പ് രൂപത്തിലാക്കിയും ജൈവമാലിന്യം വളമാക്കിമാറ്റുന്ന പ്രകിയ, എന്നർത്ഥമാകുന്നതും മണ്ണിരകളെ ഉപയോഗിച്ച് നിർമ്മിക്കുന്ന മണ്ണിര കംമ്പോസ്റ്റും ഇതിലുൾപ്പെടുന്നതുമാകുന്നു.

## 6. നിരോധനങ്ങൾ

1. 2016 ലെ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ഹാൻഡലിംഗ് ചട്ടം 4(സി) പ്രകാരം 50 മൈക്രോണിൽ കുറവുള്ള ക്യാരിബാഗ്സ് നിരോധിച്ചിരിക്കുന്നു.

2. വ്യാപാരസ്ഥാപനങ്ങൾ, കച്ചവടക്കാർ സൗജന്യമായി പ്ലാസ്റ്റിക് ക്യാരിബാഗുകൾ നൽകാൻ പാടില്ല. 50 മൈക്രോണിൽ കൂടുതൽ കനംഉള്ള പ്ലാസ്റ്റിക് ക്യാരിബാഗുകൾ അവയുടെ ഗുണവും വലുപ്പവും അനുസരച്ച് നഗരസഭ നിശ്ചയിക്കുന്ന വില ഈടാക്കിയാൽ മാത്രമേ വ്യാപാരകച്ചവടത്തിന് നൽകാൻ പാടുള്ളു. (അനുബന്ധം -II കാണുക)

3. 50 മൈക്രോണിൽ കൂടുതൽ കനം ഉള്ള ക്യാരിബാഗുകൾ നഗരസഭ നിശ്ചയിക്കുന്ന വിലക്ക് നൽകുന്ന സ്ഥാപനങ്ങൾ നഗരസഭയിൽ നിശ്ചിത തുക ഒടുക്കി രജിസ്ട്രേഷൻ വാങ്ങിക്കേണ്ടതുമാണ്. (അനുബന്ധം III കാണുക).

4. വ്യാപാര കച്ചവടസ്ഥാപനങ്ങൾ പൊതുജനങ്ങൾ കാണത്തക്കരീതിയിൽ പ്രാദേശികഭാഷയിലും ഇംഗ്ലീഷ് ഭാഷയിലും പ്ലാസ്റ്റിക് ക്യാരിബാഗുകൾ സൗജന്യമായി ഉപഭോക്താക്കൾക്ക് നൽകില്ലെന്നുള്ള ബോർഡ് എഴുതി പ്രദർശിപ്പിക്കേണ്ടതാണ്.

5. പുനർനിർമ്മിച്ച ക്യാരി ബാഗുകളിലും, കണ്ടെയ്നറുകൾ, പാത്രങ്ങൾ എന്നിവയിലും ഭക്ഷ്യാവശ്യത്തിന് തയ്യാറാക്കി വെച്ച ഭക്ഷണസാധനങ്ങൾ സൂക്ഷിക്കുകയോ വിതരണംചെയ്യുകയോ, പാക്ക് ചെയ്യുകയോ, ചെയ്യാൻ പാടുള്ളതല്ല.

6. പൊതുതെരുവിലോ –പൊതുസ്ഥലങ്ങളിലോ , പൊതുറോഡിലോ വെച്ച് മാലിന്യം കത്തിക്കാൻ പാടില്ലാത്തതാകുന്നു.

7. പ്ലാസ്റ്റിക് ക്യാരിബാഗുകൾ ഉൾപ്പെടെയുള്ള പ്ലാസ്റ്റിക് മാലിന്യങ്ങൾ നഗരസഭാ പരിധിയിൽ കത്തിക്കാൻ പാടില്ലാത്തതാകുന്നു.

8. തെർമോകോൾ പ്ലെയിറ്റുകൾ ,പ്ലാസ്റ്റിക് കപ്പുകൾ, സ്ട്രോകള്,പ്ലാസ്റ്റിക് ആവരണം ചെയ്ത പ്ലാസ്റ്റിക് പ്ലേറ്റുകൾ,മെഴുക് എന്നിവ ഉപയോഗിച്ച് ആവരണം ചെയ്ത ഇലകൾ, സാക്കറ്റുകൾ, റീസൈക്കിൾ ചെയ്യാൻ പറ്റാത്ത വിധത്തിലുള്ള ഫ്ളക്സ്സുകൾ, ബാനറുകൾ, ഫ്ളക്സ് കൊണ്ട് നിർമ്മിച്ച മറ്റ് ഉൽപ്പന്നങ്ങൾ എന്നിവയുടെ ഉപയോഗം നിരോധിക്കുന്നു.

9. മാലിന്യം ഉൽപ്പാദകർ അവിടങ്ങളിവ് ഉൽഭവിക്കുന്ന മാലിന്യങ്ങൾ ജൈവം, അജൈവം, അപകടകരം എന്നീ ഇനങ്ങളായി വേർതിരിച്ച് യഥാക്രമം പച്ച, വെള്ള,ചുവപ്പ്,കറുപ്പ്, എന്നീ നിറങ്ങളിലുള്ള സംഭരണികളിൽ പ്രത്യേകം സംസ്ക്കരണത്തിനായി തയ്യാറാക്കേണ്ടതാണ്. ജൈവമാലിന്യങ്ങൾ നിർബന്ധമായും മാലിന്യ സംസ്ക്കരണ സംവിധാനം വഴി സംസ്ക്കരിക്കേണ്ടതാണ്.

10. സീവേജ് മാലിന്യങ്ങൾ യാതൊരാളും , സ്ഥാപനങ്ങളും പൊതു സ്ഥലത്തോ, പൊതു ജലാശയത്തിലോ ഒഴുകി വിടാൻ പാടില്ലാത്തതാകുന്നു.

11. സീവേജ് മാലിന്യങ്ങൾ സ്വന്തം ചിലവിൽ അംഗീകൃത സേവനദാതാക്കൾ മുഖേന നഗരസഭയുടെ മുൻകൂർ അനുവാദത്തോടെ മാത്രമെ സംസ്ക്കരിക്കാൻ പാടുള്ളു. സ്വന്തമായി സ്ഥലവും സംവിധാനങ്ങളും ഉള്ള സ്ഥാപനങ്ങളും വ്യക്തികളും നഗരസഭയിൽ നിന്ന് രേഖാമൂലം അനുവാദം വാങ്ങിക്കേണ്ടതാണ്.

12. ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ് ഉപകരണങ്ങളുടെ ഉൽപാദകർ, വിതരണക്കാർ, 2016 ലെ ഇ മാലിന്യം കൈകാര്യം ചെയ്യൽ ചട്ടങ്ങളിലെ 3 (ഇ) (കെ) (എസ്) (ടി) എന്നി വകുപ്പുകൾ നിർണയിച്ചതുപ്രകാരം പ്രസ്തുത ഉപകരണങ്ങളുടെ ഉപയോഗവസാനം അവ ശേഖരിക്കുന്നതിന് ശേഖരണകേന്ദ്രവും, അപകടകരവും പുനരുപയോഗത്തിന് സാധ്യമായതും എന്നിങ്ങനെ വേർതിരിച്ച് പരിസ്ഥിതിക്കും പൊതുജനാരോഗ്യത്തിന് ദോഷകരമല്ലാത്ത രീതിയിൽ ശേഖരിക്കുകയും സംസ്കരണത്തിന് സംവിധാനം ഏർപ്പെടുത്തേണ്ടതുമാണ്.

13. കെട്ടിട മാലിന്യങ്ങൾ (സിഡി) മാലിന്യങ്ങൾ 2016 ലെ കൺസ്ട്രക്ഷൻ – ഡിമോളിഷൻ പരിപാലന ചട്ടങ്ങൾ പ്രകാരം നഗരസഭയുടെ അനുവദത്തോടുക്കൂടി സംസ്കരിക്കേണ്ടതാണ് .

14. നൂറോ അതിൽ കൂടുതലോ ആളുകൾ പങ്കെടുക്കുന്ന ഏത് ചടങ്ങുകളും , അവ ഏത് പേരിലറിയപ്പെട്ടാലും ഏറ്റവും ചുരുങ്ങിയത് ഏഴു ദിവസം മുമ്പ് നഗരസഭയിൽ രേഖാമൂലം വിവരം അറിയിക്കേണ്ടതും, പ്രസ്തുത ചടങ്ങിനുണ്ടാകുന്ന മാലിന്യങ്ങൾ , ജൈവം , അജൈവം , അപകരകരം എന്നിങ്ങനെ തരംതിരിച്ച് പ്രത്യേക സംഭരണിക്കളിൽ ശേഖരിക്കേണ്ടതും ആയത് സ്വന്തം ചിലവിൽ സംസ്കരിക്കേണ്ടതുമാണ്. (സംസ്കരണ

സംവിധാനം ഇല്ലായെന്ന് ന്യായമായി നഗരസഭയ്ക്ക് ബോധ്യപ്പെടുന്ന പക്ഷം നഗരസഭ നിശ്ചയിക്കുന്ന നിരക്കിൽ സംസ്കരണത്തിനായ് നൽകാവുന്നതാണ്). പ്രസ്തുത ചടങ്ങിനുള്ള അനുമതി അപേക്ഷാ ഫോറവും അംഗീകരിച്ചുള്ള നിരക്കുകളും അനുബന്ധം -- കാണുക).

7. **മാലിന്യങ്ങൾ തരംതിരിച്ച് ശേഖരിക്കലും സംഭരിക്കലും സംസ്കരണവും**
താഴെ പറയുന്ന മാലിന്യങ്ങൾ അവ പുറംന്തള്ളുന്നവർ തന്നെ അവയുടെ ഉത്ഭവസ്ഥാനത്തുതന്നെ തരംതിരിച്ച് സംഭരിക്കുന്നതിനും സംസ്ക്കരിക്കുന്നതിനും തയ്യാറാകേണ്ടതാണ്.

(1) അഴുകുന്ന ജൈവമാലിന്യങ്ങൾ.
(2) വീടുകളിലോ - സ്ഥാപനങ്ങളിലോ ഉപയോഗശേഷം പുറന്തള്ളുന്ന അപകടകാരികളായ വസ്തുക്കൾ .
(3) ബയോ- മെഡിക്കൽ മാലിന്യങ്ങൾ
(4) ഫ്ളാറ്റ്, വില്ലാസ്, അപ്പാർട്ട്മെന്റ്സ് മറ്റ് കെട്ടിടനിർമ്മാണ പ്രവർത്തനങ്ങളുടെ അവശിഷ്ടങ്ങളും പൊളിച്ചുമാറ്റുന്ന പഴയ കെട്ടിട ഭാഗങ്ങളും.
(5) തൊടികളിലും ഉദ്യാനങ്ങളിലും നിന്ന് പുറന്തള്ളപ്പെടുന്ന സസ്യഭാഗങ്ങൾ.
(6) അഴുകാത്തതും, നനവില്ലാത്തതുമായ റീസൈക്കിൾ ചെയ്യാവുന്നവയും ചെയ്യാനാവാത്തതുമായ എല്ലാ മാലിന്യങ്ങളും.
(7) ദ്രവമാലിന്യങ്ങൾ
(8) പ്ലാസ്റ്റിക്
(9) ഇലക്ട്രിക് ഇലക്ട്രോണിക്സ് മാലിന്യങ്ങൾ
(10) ഇതരവിഭാഗം മാലിന്യങ്ങൾ നഗരമാലിന്യ ശേഖരണവും സംഭരണവും
(11) അഴുകുന്ന ജൈവമാലിന്യങ്ങൾ - മാലിന്യം സ്വന്തമായി സംസ്കരിക്കുന്നതിന് സംവിധാനങ്ങളൊരുക്കിയിട്ടില്ലാത്ത വീട്ടുടമകൾ അവ മൂടിയുള്ള ബക്കറ്റുകളിൽ സംഭരിക്കുകയും,അവ ശേഖരിക്കുവാൻ നിയോഗിക്കപ്പെട്ടവർക്ക് കൈമാറേണ്ടതുമാണ്. ഇത്തരത്തിൽ ഈ സംഭരണ സംവിധാനമൊരുക്കുന്നതിന് നഗരസഭ കാലാനുസൃതമായി നിശ്ചയിക്കുന്ന തുക വീട്ടുടമകൾ നൽകേണ്ടതാണ്.
(12) കൂടുതൽ ഖരദ്രവമാലിന്യങ്ങൾ പുറന്തള്ളേണ്ടി വരുന്ന സ്ഥാപനങ്ങൾ ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ, കേറ്ററിംഗ് യൂണിറ്റുകൾ, കല്യാണമാണ്ഡലങ്ങൾ , ആശുപത്രികൾ , കാന്റീനുകൾ , മൽസ്യം - മാംസ സംസ്ക്കരണ സ്ഥാപനങ്ങൾ, സ്വകാര്യ മാർക്കറ്റുകൾ എന്നിവ സ്വന്തമായി ഖര-ദ്രവമാലിന്യ സംസ്ക്കരണ സംവിധാനങ്ങൾ ഉണ്ടായിരിക്കണമെന്നത് ഈ വിജ്ഞാപന പ്രകാരം വ്യവസ്ഥ ചെയ്യുന്നു. ഇത് നിർമ്മിക്കുന്നതും, നിലനിർത്തുന്നതും ഈ സ്ഥാപനങ്ങൾക്കുള്ള ലൈസൻസിന്റെ ഭാഗമായി നിർബന്ധിതമാക്കുകയും ചെയ്യുന്നു. സ്ഥലപരിമിതികൊണ്ട് ഇത്തരം സംവിധാനങ്ങളൊരുക്കാൻ തികച്ചും അസാദ്ധ്യമെന്ന് നഗരസഭാധ്കൃതർ പരിശോധിച്ച് ബോദ്ധ്യപ്പെടുന്ന ബൾക്ക് ജനറേറ്റർ ഒഴികെയുള്ള സ്ഥാപനങ്ങളിൽ നിന്ന് ഖരദ്രവ മാലിന്യ സംഭരണം നടത്തുന്നതിന് ഉല്പ്പാദിപ്പിക്കപ്പെടുന്ന മാലിന്യത്തിന്റെ അളവനുസരിച്ച് നഗരസഭ നിശ്ചയിക്കുന്ന ഫീസ് ഈടാക്കുന്നതിന് നിയമപ്രകാരം വ്യവസ്ഥചെയ്യുന്നു. ആശുപത്രികൾ . കല്യാണമണ്ഡപങ്ങൾ, ഓഡിറ്റോറിയങ്ങൾ എന്നിവ ഉൾപ്പെട്ട ബൾക്ക് ജനറേറ്ററുകൾ അനുയോജ്യമായ പ്ലാന്റ് നിർമ്മാണത്തിന് സ്ഥലം സ്വയം കണ്ടെത്തി ഖരദ്രവ മാലിന്യ സംസ്ക്കരണം തങ്ങളുടെ സ്വന്തം ഉത്തരവാദിത്വത്തിലും മേൽനോട്ടത്തിലും ചെയ്യേണ്ടതാണ് എന്ന് വ്യവസ്ഥചെയ്യുന്നു.

(13) വീടുകളിൽ നിന്നും ബൾക്ക് ജനറേറ്റർ ഒഴികെയുള്ള സ്ഥാപനങ്ങളിൽ നിന്നും ഉണ്ടാകുന്ന അപകടകാരികളായതും, ഉപയോഗ രഹിത

വസ്തുക്കൾ പ്രസിദ്ധപ്പെടുത്തുന്ന ഒരു ദിവസം ആഴ്ച തോറും, നഗരസഭാ ജീവനക്കാർക്ക് / സംഭരണ തൊഴിലാളികൾക്ക് / വെയ്സ്റ്റ് പിക്കേഴ്സിന് പ്രത്യേകം കൈമാറുവാൻ വീട്ടുടമ / സ്ഥാപനാധികാരി ചുമതലപ്പെട്ടിരിക്കുന്നു.

(14) ബയോമെഡിക്കൽ മാലിന്യങ്ങൾ പ്രത്യേകം സൂക്ഷിക്കുവാൻ ആശുപത്രികളും, ആരോഗ്യ സ്ഥാപനങ്ങളും ബാദ്ധ്യസ്ഥരാണ്. അവ ഇതരമാലിന്യങ്ങൾ നിക്ഷേപിക്കുന്ന സങ്കേതങ്ങളിൽ കൊണ്ടു വന്ന് തള്ളുന്നത് കുറ്റകരമാണ്. അവ പൂർണ്ണമായും അപകട വിമുക്തമാക്കി നശിപ്പിക്കുന്നതിന് ആശുപത്രികൾ സ്വയം ശാസ്ത്രീയ സംവിധാനങ്ങൾ ഏർപ്പെടുത്തുകയോ, അതിനായി സംവിധാനമൊരുക്കിയിട്ടുള്ള ഇതര ഏജൻസികളെ ഏൽപ്പിക്കുകയോ ചെയ്യേണ്ടതാണ്. ഇതര ഏജൻസികളെ എൽപ്പിക്കുന്ന സാഹചര്യത്തിൽ ആയതിന്റെ രേഖകൾ സൂക്ഷിക്കേണ്ടതാണ്.

(15) കെട്ടിട നിർമ്മാണ – കെട്ടിടാവശിഷ്ടങ്ങൾ നിർമ്മിക്കുകയും, പഴയവ പൊളിക്കുകയും ചെയ്യുമ്പോൾ ഉണ്ടാകുന്ന ചെളി എന്നിവ ആര് പുറന്തള്ളുന്നുവോ (ജനറേറ്റർ ചെയ്യുന്നുവോ) അവർ തന്നെ പ്രത്യേകം വേർതിരിച്ച് സ്വന്തം സ്ഥലത്ത് സൂക്ഷിക്കേണ്ടതും, നഗരസഭ ചുതമലപ്പെടുത്തിയ അംഗീകരിച്ച ഏജൻസികൾക്ക് നിശ്ചിത ഫീ ഒടുക്കി കൈമാറേണ്ടതാണ്.

(16) അജൈവ മാലിന്യങ്ങളെ പുനഃചക്രമണം ചെയ്യാവുന്നവയും, അല്ലാത്തവയുമായി തരംതിരിച്ച് സംഭരിക്കുവാനും അവ നിയോഗിക്കപ്പെടുന്ന നഗരസഭാ ജീവനക്കാർ / അംഗീകൃത സംഭരണ ഏജൻസികൾ എന്നിവർക്ക് നിശ്ചിത ദിവസത്തിനുള്ളിൽ കൈമാറുവാനും ഓരോ പൗരനും ബാദ്ധ്യതയുണ്ട്.

(17) പൊതു സംഭരണ സൗകര്യങ്ങൾ / ശാലകൾ നഗരസഭ മാലിന്യ സംഭരണത്തിനേർപ്പെടുത്തുന്ന പൊതു സൗകര്യങ്ങൾ ഉപയോഗപ്പെടുത്തുന്നവർ മാലിന്യം തരംതിരിച്ച് അതാതിനായി നിർദ്ദേശിക്കപ്പെടുന്ന സംഭരണിയിൽ തന്നെ നിക്ഷേപിക്കുന്നുവെന്നും, വഴിമദ്ധ്യേ ടിക്കറ്റ്, കടലാസുകൾ, സിഗരറ്റുകൾ, തുണികൾ പ്ലാസ്റ്റിക്കുകൾ, മറ്റ് വസ്തുക്കൾ അലക്ഷ്യമായിനിക്ഷേപിക്കുവാൻ പാടില്ലാത്തതും അവ സംഭരണിക്കോ ശാലയ്ക്കോ പുറത്ത് ചിതറി വീഴുന്നില്ലെന്നും ഉറപ്പ് വരുത്തേണ്ടതാണ്. ഇതിനു വിരുദ്ധമായ പ്രവർത്തികൾ ശിക്ഷാ പട്ടികയിൽ പറയുന്ന പിഴ ഈടാക്കാൻ കാരണമാകുന്ന കുറ്റമായി കണക്കാക്കപ്പെടും.

(18) മാലിന്യങ്ങൾ പൊതു സ്ഥലങ്ങളിലോ, മാലിന്യ നിക്ഷേപ കേന്ദ്രത്തിലോ മറ്റേതെങ്കിലും പൊതു സ്വകാര്യ സ്ഥലത്തോ വെച്ച് കത്തിക്കുന്നത് ശിക്ഷാർഹമാണ്.

(19) മുകളിൽ പ്രതിപാദിച്ചിരിക്കുന്ന ചട്ടങ്ങളുടെ ലംഘനം പിഴശിക്ഷയെ കുറിച്ചുള്ള പട്ടികയിൽ പറയുന്ന പിഴ ലഭിക്കാനിടയാക്കും ആവർത്തിത കുറ്റങ്ങൾക്ക് അധിക പിഴ ശിക്ഷ ഏർപ്പെടുത്താവുന്നതാണ്.

(20) വാഹന കോൺട്രാക്ട്മാരും നഗരസഭാ ജീവനക്കാരും ഏജന്റുമാരും വേർതിരിച്ചു ലഭ്യമാക്കുന്ന മാലിന്യം സംഭരണസമയത്തോ പിന്നീടോ മിശ്രണം ചെയ്യുന്നതായി കണ്ടാലോ അനുശാസിക്കപ്പെട്ട സമയത്ത് മാലിന്യ സംഭരണം, സംസ്കരണം നടത്താതിരുന്നാലോ പിഴയും സർവ്വീസ് ചട്ടങ്ങളും അനുശാസിക്കുന്ന ശിക്ഷാ നടപടികളും സ്വീകരിക്കുന്നതാണ്

(21) 2016 ലെ പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ പരിപാലന ചട്ടങ്ങളിലെ ചട്ടം 3 (എച്ച്) ചട്ട പ്രകാരം പ്ലാസ്റ്റിക്ക് ക്യാരി ബാഗുകൾ, മൾട്ടി ലെയേഴ്സ് പ്ലാസ്റ്റിക്ക് പൗച്ചസ് പാക്കിംഗ് സാധനങ്ങൾ ഉൽപ്പാദിപ്പിക്കുന്നവരും പാക്കിംഗിന് ഉപയോഗിക്കുന്നവരും വിതരണക്കാരും ഉപയോഗത്തിന് ശേഷം തിരിച്ചെടുക്കണം. തിരിച്ചെടുത്ത പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ പരിസ്ഥിതിക്ക് അനുയോജ്യമായ രീതിയിൽ സംസ്കരിക്കുകയും പരിപാലിക്കുകയും വേണം.

## 8. വാർഡ് സാനിറ്റേഷൻ കമ്മിറ്റിയുടെ ഘടനയും, ചുമതലയും

**ഘടന**

വാർഡ് കൗൺസിലർ, ചെയർമാനും, നഗരസഭ നിശ്ചയിക്കുന്ന ഉദ്യോഗസ്ഥൻ കൺവീനറും

**അംഗങ്ങൾ**

ഉദ്യോഗസ്ഥർ, സന്നദ്ധ സാമൂഹ്യ പ്രവർത്തകർ, എ.ഡി.എസ്, അയൽക്കൂട്ടം ഭരവാഹികൾ, ഇതിന് പുറമെ കൂടുതൽ അംഗങ്ങളെ കൂട്ടിച്ചേർക്കാൻ ഭരണ സമിതിക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

**ചുമതലകൾ**

1) വാർഡിനെ 50 വരെയുള്ള വീടുകളെ ഉപയൂണിറ്റുകളായി തിരിക്കുക
2) ഉപയൂണിറ്റുകളിൽ സംഘാടകസമിതി രൂപീകരിക്കുക
3) കുടുംബങ്ങൾക്കും, സ്ഥാപനങ്ങളും ചുമതലക്കാർക്കും പരിശീലനം നൽകുക
4) പൊതു നിരത്തുകളിലോ, പൊതു സ്ഥലങ്ങളിലോ, പൊതു ജലാശയങ്ങളിലോ മാലിന്യം നിക്ഷേപിക്കുന്നത് തടയുന്നതിനുള്ള ജാഗ്രതാസമിതിയായി പ്രവർത്തിക്കുക
5) സ്ഥാപനങ്ങളുടെയും വീടുകളിലെയും മാലിന്യ നിർമ്മാർജ്ജന രീതി നിരീക്ഷണം നടത്തുക
6) ആവശ്യമായ പ്രചാരണം സംഘടിപ്പിക്കുക
7) മാലിന്യ സമാഹരണം നടത്തുന്നവർക്ക് ആവശ്യമായ പിന്തുണയും പ്രോത്സാഹനവും നൽകുക

## 9. മാലിന്യ ഉൽപ്പാദകരുടെ ചുമതലകൾ

1) മാലിന്യം അജൈവം, ജൈവം, അപകടകരം എന്നിവയെ പ്രത്യേകം തരംതിരിച്ച് പച്ച, വെള്ള, ചുവപ്പ് നിറങ്ങളിൽ തുടങ്ങിയ സംഭരണികളിൽ സൂക്ഷിക്കേണ്ടതും, ജൈവമാലിന്യങ്ങൾ ഉറവിട മാലിന്യ സംസ്കരണം വഴി സംസ്കരിക്കേണ്ടതാണ്. സംസ്കരിക്കാൻ സംവിധാനമില്ലായെന്ന് നഗരസഭയ്ക്ക് തോന്നുന്ന പക്ഷം നഗരസഭ ചുതലപ്പെടുത്തുന്ന ഏജൻസികൾ, ജീവനക്കാർ, വ്യക്തികൾ, എന്നിവർക്ക് സംസ്കരണത്തിന് നൽകേണ്ടതും, സംസ്കരിക്കുന്നതിനുള്ള അംഗീകരിച്ച നിരക്ക് നൽകേണ്ടതുമാണ്. ഇത്തരം സാഹചര്യങ്ങളിൽ കരാറിന്റെയും മറ്റ് രേഖകളുടെയും പകർപ്പ് സൂക്ഷിക്കേണ്ടതും, പരിശോധനയ്ക്ക് നൽകേണ്ടതുമാണ്

2) കെട്ടിട നിർമ്മാണ സമയത്തെ മാലിന്യങ്ങളും, കെട്ടിടം പൊളിക്കുന്ന സമയത്തെ മാലിന്യങ്ങളും പ്രത്യേകം തരംതിരിച്ച് 2016 സി.ഡി മാലിന്യ ചട്ട പ്രകാരം നഗരസഭയുടെ അനുമതിയോടെ സംസ്കരിക്കേണ്ടതാണ് (അപേക്ഷ അനുബന്ധം കാണുക)

3) മാലിന്യം പൊതുസ്ഥലത്തോ, മറ്റ് തുറന്ന സ്ഥലങ്ങളിലോ കത്തിക്കുവാനോ, ജലാശയങ്ങളിൽ വലിച്ചെറിയുവാനോ പാടില്ല.

4) പ്ലാസ്റ്റിക്ക് മാലിന്യം കത്തിക്കാൻ പാടില്ല.

5) തെരുവ് കച്ചവടക്കാർ പ്രസ്തുത കച്ചവടത്തിന്റെ ഭാഗമായി ഉൽഭവിക്കുന്ന മാലിന്യം പ്രത്യേകം തരംതിരിച്ച് സംസ്കരണത്തിനായി സജ്ജമാക്കേണ്ടതാണ്. പ്രസ്തുത മാലിന്യം നഗരസഭ ചുമതലപ്പെടുത്തുന്ന ഏജൻസിക്ക് / വ്യക്തികൾക്ക്/ ജീവനക്കാർക്ക് കൈമാറേണ്ടതും, നഗരസഭ നിശ്ചയിച്ചിട്ടുള്ള ഫീസ് നൽകേണ്ടതുമാണ്.

## 10. റസിഡൻസ് അസോസിയേഷന്റെ ചുമതലകൾ

1) റസിഡൻസ് അസോസിയേഷൻ ഉൾപ്പെടുന്ന വീടുകളിലെ ഖരദ്രവ ഇ

മാലിന്യം കെട്ടിട മാലിന്യം എന്നിവ നിർണ്ണയിക്കപ്പെട്ട ചട്ടങ്ങൾ പ്രകാരം സംസ്കരിക്കുന്ന / കൈമാറ്റം ചെയ്യുന്നവെന്ന് ഉറപ്പ് വരുത്തുക

2) വീടുകളിൽ ഉൽപ്പാദിപ്പിക്കുന്ന മാലിന്യങ്ങളുടെ അളവ് പരമാവധി കുറവ് വരുത്തുക

3) നഗരസഭ നിരോധിച്ച പ്ലാസ്റ്റിക്ക് ഉൽപ്പന്നങ്ങൾ ഉപയോഗിക്കുന്നില്ലെന്ന് ഉറപ്പ് വരുത്തുക

4) പ്ലാസ്റ്റിക്ക് ക്യാരി ബാഗുകൾക്ക് പകരം തുണി സഞ്ചികളും, പുനരുപയോഗമായ ബാഗുകൾ പ്രോത്സാഹിപ്പിക്കുക.

5) അപകടകരമായ മാലിന്യങ്ങൾ, ഇ– മാലിന്യങ്ങൾ എന്നിവ അംഗീകൃത ഏജൻസികൾക്ക് നൽകുന്നു എന്ന് ഉറപ്പ് വരുത്തുക

6) നഗരസഭാ ഓഫീസിൽ നിയമാനുസൃതം അസോസിയേഷൻ നിശ്ചിത ഫോറത്തിൽ രജിസ്റ്റർ ചെയ്യുക

7) അസോസിയേഷന്റെ പ്രവർത്തന പരിധിയിൽ ഈ ബൈലോയ്ക്ക് വിരുദ്ധമായ പ്രവർത്തനം നടക്കുന്നില്ല എന്ന് ഉറപ്പ് വരുത്തുവാൻ ജാഗ്രതാ സമിതി രൂപീകരിച്ച് പ്രവർത്തിക്കുക

**11. മാലിന്യം കൂടുതൽ ഉൽപ്പാദിപ്പിക്കപ്പെടുന്നവരുടെ ചുമതലകൾ**

1) മാലിന്യം ജൈവം, അജൈവം അപകടകരമായത് എന്നിങ്ങനെ വേർതിരിച്ച് യഥാക്രമം പച്ച, വെള്ള, ചുവപ്പ് എന്നീ നിറങ്ങളോടു കൂടിയ സംഭരണികളിൽ സൂക്ഷിക്കേണ്ടതും, ജീർണ്ണിക്കുന്ന മാലിന്യങ്ങൾ ബയോഗ്യാസ് പ്ലാന്റ്, കമ്പോസ്റ്റ് തുടങ്ങിയ സംസ്കരണ സംവിധാനം വഴി ഉത്ഭവിക്കുന്ന സ്ഥലത്ത് തന്നെ സംസ്കരിക്കേണ്ടതാകുന്നു.

2) സംസ്കരിക്കാൻ സാധിക്കാത്ത മാലിന്യങ്ങൾ അജൈവം, അപകടകരം ഇനത്തിൽ പെട്ട മാലിന്യം, നഗരസഭ നിയോഗിക്കുന്ന ഏജൻസി / ഗ്രൂപ്പ്, വെയ്സ്റ്റ് പിക്കേഴ്സ്, സർക്കാർ അംഗീകരിച്ച സേവന ദാതാക്കൾ മുഖേന നൽകേണ്ടതുമാണ്.

3) മാലിന്യം ഉൽപ്പാദിപ്പിക്കപ്പെടുന്ന ഹോട്ടലുകൾ, മറ്റ് ഭക്ഷണ ശാലകൾ, ഇറച്ചിക്കടകൾ, കല്യാണി മണ്ഡപങ്ങൾ, ഓഡിറ്റോറിയങ്ങൾ തുടങ്ങിയ ബൾക്ക് ജനറേറ്റർമാർ, ജൈവമാലിന്യങ്ങൾ ഉത്ഭവിക്കുന്ന സ്ഥലത്ത് തന്നെ സംസ്കരിക്കേണ്ടതാകുന്നു. നൂറോ അതിൽ കൂടുതൽ ആളുകൾ പങ്കെടുക്കുന്ന ലൈസൻസില്ലാത്ത പൊതുസ്ഥലത്തെ ചടങ്ങുകൾ നഗരസഭയിൽ ഏറ്റവും ചുരങ്ങിയത് ഏഴ് ദിവസം മുമ്പേ രജിസ്റ്റർ ചെയ്യേണ്ടതാണ്. അപേക്ഷാ ഫോറം അനുബന്ധം III കാണുക

**12. മുനിസിപ്പൽതല ശുചിത്വാരോഗ്യ സമിതി**

നിലവിലുള്ള മുനിസിപ്പൽ നിയമപ്രകാരം ആവശ്യമുള്ള ഘട്ടങ്ങളിൽ മുനിസിപ്പാലിറ്റിയെ സഹായിക്കുന്നതിനും രൂപീകരിക്കപ്പെടുന്ന സമിതി

ഘടന: മുനിസിപ്പൽ ചെയർപേഴ്സൺ –ചെയർമാൻ
നഗരസഭാ സെക്രട്ടറി – കൺവീനർ
ഹെൽത്ത് ഇൻസ്പെക്ടർ – ജോയിന്റ് കൺവീനർ

**അംഗങ്ങൾ**

1) എല്ലാ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ
2) എല്ലാ കൗൺസിൽ പാർട്ടി ലീഡർമാരും
3) നഗരസഭ –ആരോഗ്യം – റവന്യൂ – എഞ്ചിനീയറിംഗ് – വെറ്റിനറി – കൃഷി വിഭാഗങ്ങളുടെ ഓഫീസർമാർ , ഓരോ വിഭാഗത്തിൽ നിന്നും 2 പേരെ ഉൾപ്പെടുത്തണം

4) രാഷ്ട്രീയ – യുവജന തൊഴിലാളി സാംസ്കാരിക സംഘടനാ പ്രതിനിധികൾ
5) നടത്തിപ്പ് ചുമതലയിൽ നേരിട്ട് പങ്കാളിത്തം വഹിക്കുന്ന സ്ഥാപനങ്ങളുടെ പ്രതിനിധികൾ
6) റസിഡൻസ് അസോസിയേഷൻ / അയൽസഭ , സി.ഡി.എസ് പ്രതിനിധികൾ
7) ഈ പ്രവർത്തനത്തെ സഹായിക്കുന്നതിന് മുനിസിപ്പൽ കൗൺസിലിന് ആവശ്യമെന്ന് തോന്നുന്ന സ്ഥാപനങ്ങളെയോ ഉൾപ്പെടുത്താവുന്നതാണ്

**ചുമതലകൾ**

1) നഗരമാലിന്യ പരിപാലന സംസ്കരണ നിർമ്മാർജ്ജന പ്രവർത്തനങ്ങളുടെ സൂക്ഷ്മാംശങ്ങൾ മനസ്സിലാക്കി നടത്തിപ്പിന് നേതൃത്വം നൽകുക
2) ആവശ്യമായ സന്നദ്ധ പ്രവർത്തകരെ വിവിധ തലങ്ങളിലേക്ക് കണ്ടെത്തൽ
3) വിവിധ പ്രവർത്തനങ്ങളുടെ കോ–ഓർഡിനേഷൻ
4) വാർഡുകളിലെ പ്രവർത്തനങ്ങളുടെ അവലോകനം

**13. ആരോഗ്യസ്റ്റാന്റിംഗ് കമ്മിറ്റി തല മോണിറ്ററിംഗ് സമിതി**

ചെയർമാൻ – ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ
വൈസ് ചെയർമാൻ – ആരോഗ്യ ശുചിത്വ വർക്കിംഗ് കമ്മിറ്റി ചെയർമാൻ
കൺവീനർ – ഹെൽത്ത് ഇൻസ്പെക്ടർ

അംഗങ്ങൾ – 1) എല്ലാ ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങൾ
2) ആരോഗ്യ വിഭാഗത്തിലെ മുഴുവൻ ജീവനക്കാരും
3) നഗരസഭ നിയോഗിക്കുന്ന സംഘടനകൾ, പ്രതിനിധികൾ

**ചുമതലകൾ**

1) അലക്ഷ്യമായി മാലിന്യം വലിച്ചെറിയുന്നതും, കത്തിക്കുന്നതും തടയുക
2) മാലിന്യം ജൈവം, അജൈവം അപകടകരം എന്നിവയെ തരംതിരിക്കുന്നത് ഉറപ്പ് വരുത്തുക
3) നിരോധിത പ്ലാസ്റ്റിക്ക് ക്യാരി ബാഗുകളുടെയും, മറ്റ് ഉൽപ്പന്നങ്ങളുടെയും നിരോധനം ഉറപ്പ് വരുത്തുക
4) ഉറവിട മാലിന്യ സംസ്കരണം പ്രോത്സാഹിപ്പിക്കുക
5) ഏറ്റെടുത്ത സ്ഥാപനങ്ങളെയും, വ്യക്തികളെയും പ്രോത്സാഹിപ്പിക്കുക
6) വെയ്സ്റ്റ് പിക്കേഴ്സ്, മാലിന്യ ശേഖരണത്തിലേർപ്പെട്ടിരിക്കുന്ന സംഘങ്ങൾ എന്നിവരുടെ ആരോഗ്യ പരിരക്ഷ ഉറപ്പ് വരുത്തുകയും അംഗീകാരം നൽകുകയും ചെയ്യൽ
7) സന്നദ്ധ ശുചീകരണ വളണ്ടിയർമാരെ അംഗീകരിക്കൽ

**14) നഗരസഭയുടെ ചുമതലകൾ**

നഗരത്തിലെ ഖര ദ്രവ മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന സൗകര്യങ്ങൾ ഏർപ്പെടുത്തുവാൻ നഗരസഭയ്ക്ക് ചുമതലയുണ്ട്.

1) പ്ലാസ്റ്റിക്ക് മാലിന്യം ശേഖരിക്കുന്നതും സംഭരിക്കുന്നതും വേർതിരിക്കുന്നതും കൊണ്ടു പോകുന്നതും സംസ്കരിക്കുന്നതും സുരക്ഷിതമായ രീതിയിലാണെന്ന് ഉറപ്പ് വരുത്തുക
2) മേൽപ്പറഞ്ഞ കാര്യങ്ങൾ പരിസ്ഥിതിക്ക് കോട്ടം ഉണ്ടാക്കാത്ത തരത്തിലായിരിക്കുമെന്ന് ഉറപ്പ് വരുത്തുക
3) പ്ലാസ്റ്റിക്ക് ഉൽപ്പാദകരെ ഉൾപ്പെടുത്തി സംഭരണ സെന്ററുകൾ സ്ഥാപിക്കുന്നത് ഉറപ്പ് വരുത്തുക
4) ഇപ്രകാരം സംഭരിച്ച പ്ലാസ്റ്റിക്ക് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്ന് രജിസ്ട്രേഷൻ നിന്ന് രജിസ്ട്രേഷൻ ലഭിച്ചിട്ടുള്ള പുന:ചംക്രമണം നടത്തുന്നവർക്കാണ് നൽകുന്നത് എന്ന് ഉറപ്പ് വരുത്തുക
5) SakeHolder നെ അവരുടെ ഉത്തരവാദിത്വത്തെ കുറിച്ച് ബോധവൽക്കരിക്കുക
6) പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ എടുക്കുന്നവർ ഉൾപ്പെടെയുള്ള സംഘത്തെ മാലിന്യം കൈകാര്യം ചെയ്യുന്നതിന് ഉപയോഗിക്കുക
7) പ്ലാസ്റ്റിക്ക് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ തുറസ്സായ സ്ഥലത്ത് കത്തിക്കാൻ അനുവദിക്കാതിരിക്കുക
8) പ്ലാസ്റ്റിക്ക് മാലിന്യം സംഭരിക്കുന്നതിനുള്ള സെന്റർ ഉണ്ടാക്കാനുള്ള സാമ്പത്തിക

സഹായത്തിനായി പ്ലാസ്റ്റിക്ക് ഉൽപാദകരോട് അഭ്യർത്ഥിക്കുക

9) പ്ലാസ്റ്റിക്ക് പുന:ചക്രമണം ചെയ്യുമ്പോഴുണ്ടാകുന്ന അവശിഷ്ടങ്ങൾ 2016 ലെ ഖരമാലിന്യ പരിപാലന ചട്ടങ്ങളിൽ സോളിഡ് വേസ്റ്റ് (മാനേജ്മെന്റ് ആന്റ് ഹാൻഡ്‌ലിംഗ്) റൂളിൽ പറയുന്ന ലാൻഡ്ഫിൽ നിർമ്മാർജ്ജനം ചെയ്യുക

10) പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ റോഡ് നിർമ്മാണത്തിനും കോ ഇൻസിനറേഷനും മറ്റും ഉപയോഗിക്കുന്നത് പ്രോത്സാഹിപ്പിക്കുക. ബന്ധപ്പെട്ട അധികാരികൾ നിഷ്കർഷിക്കുന്ന നിർദ്ദിഷ്ട പരിധി കൈവരിക്കുന്നുണ്ടോയെന്ന് ഉറപ്പ് വരുത്തുകയും ചെയ്യേണ്ടതാണ്.

11) പ്ലാസ്റ്റിക് റീസൈക്കിൾ ചെയ്യുന്ന സംവിധാനം IS1434:1998 പ്രകാരമായിരിക്കണം

12) മാലിന്യ സംസ്കരണത്തിനുള്ള ജീവനക്കാരെ നിയമിക്കുക. മാലിന്യ നിക്ഷേപത്തിനുള്ള ബിന്നുകൾ, സൗകര്യ പ്രദമായ സർവ്വീസ് സെന്ററുകൾ, ജൈവേതര പുനരുപയോഗ സാദ്ധ്യതയുള്ള മാലിന്യങ്ങൾ തരംതിരിക്കുന്നതിനുള്ള സോർട്ടിംഗ് സെന്ററുകൾ, വാഹനങ്ങൾ, വികേന്ദ്രീകൃത സ്വഭാവമുള്ള ബയോഗ്യാസ് യൂണിറ്റുകൾ, വികേന്ദ്രീകൃത സ്വഭാവത്തിൽ പ്ലാന്റ് എന്നിവ സജ്ജീകരിക്കുകയും ചെയ്യുക

13) മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിൽ വൈദഗ്ദ്യമുള്ള ഏജൻസികൾ, പുനരുപയോഗ സാദ്ധ്യതയുള്ളതും, പുനരാവിഷ്കാരം ചെയ്ത് ഉപയോഗ യോഗ്യമാക്കുവാൻ പര്യാപ്തവുമായ വസ്തുക്കൾ സ്വീകരിക്കുന്നതിനും സംസ്കരിക്കുന്നതിനും അംഗീകാരമുള്ള വ്യക്തികൾ സ്ഥാപനങ്ങൾ എന്നിവരെ കണ്ടെത്തി കാലാകാലങ്ങളിൽ അവരുടെ വിവരങ്ങൾ പ്രാദേശിക തലത്തിൽ ലഭ്യമാക്കൽ, അവരുടെ വിലാസം, ഫോൺ നമ്പറുകൾ എന്നിവ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുക

14) മാലിന്യ സംഭരണ വാഹനങ്ങളുടെ യാത്രാ ചാർട്ടുകൾ, മാലിന്യം ഓരോ സ്ഥലത്തുനിന്നും ശേഖരിക്കുന്ന സമയം, മാലിന്യങ്ങൾ അവിടേക്ക് എത്തിക്കേണ്ട ഉപസംവിധാനങ്ങളുടെ വിന്യാസം എന്നിവ നിശ്ചയിക്കുകയും കാലാകാലങ്ങളിൽ അവ പ്രസിദ്ധപ്പെടുത്തുകയും ചെയ്യുക

15) ആഴ്ച തോറും എത്രമാത്രം മാലിന്യങ്ങൾ സംഭരിക്കപ്പെടുന്നു അവ ഏതെല്ലാം മാർഗ്ഗങ്ങളിൽ നിർമ്മാർജ്ജനം ചെയ്യപ്പെട്ടു എന്നതിനെക്കുറിച്ചും നിയമങ്ങൾ അനുശാസിക്കാത്തതിനാൽ ആർക്കെല്ലാം പിഴ ഈടാക്കുവാനുള്ള ഉത്തരവുകൾ നൽകി എന്നതിനെക്കുറിച്ചുള്ള വിവരങ്ങൾ നഗരസഭാ വെബ്സൈറ്റിലൂടെയും (www.chengannurmunicipality.in) നഗരസഭാ നോട്ടീസ് ബോർഡിലും പ്രസിദ്ധപ്പെടുത്തുക, നഗരത്തിന്റെ വിവിധ ഭാഗങ്ങളിൽ പൊതുമൂത്രപ്പുരകളും, കക്കൂസുകളും, ശൗച്യാലയങ്ങളും, വാഷ്ബേസിനുകളും നിർമ്മിച്ചും, സ്ഥാപിച്ചും പൊതുജന ഉപയോഗത്തിനായി സൗകര്യപ്പെടുത്തുക

16) സ്വകാര്യ സംവിധാനങ്ങൾ വഴി മാലിന്യങ്ങളിൽ നിന്നും ജൈവവളം സംസ്കരിച്ചെടുക്കുന്ന സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുക.

17) തരംതിരിച്ച് വീടുകൾ, സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ സൂക്ഷിക്കുന്ന മാലിന്യങ്ങൾ റസിഡന്റ്സ് അസോസിയേഷനുകൾ, കുടുംബശ്രീ യൂണിറ്റുകൾ,സന്നദ്ധ സേവകർ, തൊഴിലാളികൾ ഇവരുടെ സഹായത്തോടെ തരം തിരിച്ച് തന്നെ സംഭരിക്കുകയും, അംഗീകൃത മാലിന്യ സംസ്കരണ കേന്ദ്രങ്ങളിൽ എത്തിക്കുകയും ചെയ്യുക

18) വലിയ പാർപ്പിട സമുച്ഛയങ്ങൾ ഒഴികെയുള്ള പാർപ്പിട മേഖലകൾ, മാലിന്യ സംഭരണ കേന്ദ്രങ്ങൾ, അജൈവ മാലിന്യങ്ങൾ തരംതിരിക്കുന്നതിന് ഏർപ്പെടുത്തുന്ന കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ വേണ്ട പൊതു സൗകര്യങ്ങൾ ഏർപ്പടുത്തൽ

19) ഖരമാലിന്യ ശേഖരണം, ദ്രവമാലിന്യ സംസ്ക്കരണംഎന്നിവയുമായി ബന്ധപ്പെട്ടതും, വ്യക്തി, സ്ഥാപനം, സംഘടന എന്നീ നിലകളിൽ ഉള്ളവരിൽ നിന്നും നഗരസഭയോ നഗരസഭ ചുമതലപ്പെടുത്തുന്ന ഏജൻസികളെ സ്വീകരിക്കേണ്ട സേവന സംബന്ധിയായ ഫീസിന്റെ നിരക്കുകൾ കാലാകാലങ്ങളിൽ നിശ്ചയിക്കുക

20) നഗരസഭ നിശ്ചയിക്കുന്ന ദിവസങ്ങളിലും സമയത്തും മാലിന്യ സംഭരണവും, നിർമ്മാർജ്ജനവും നടത്തുന്നതിന് സമൂഹത്തിന്റെ വിവിധ തലങ്ങളിൽ ഉള്ളവർക്ക് വ്യക്തമായ അറിവ് നൽകുംവിധം ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക, അതിനായി നഗരസഭാവെബ്സൈറ്റിൽ ഇൻഫോലൈൻ ആരംഭിക്കുകയും അതിലൂടെ കൃത്യമായ വിവരങ്ങൾ മാധ്യമങ്ങൾക്കും

ജനങ്ങൾക്കും എത്തിക്കുകയും ചെയ്യുക

21) ഓരോ വാർഡിലും ശുചീകരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും അതാത് സമയത്തെ പ്രശ്നങ്ങളെ കണ്ടെത്തി പരിഹാര മാർഗ്ഗങ്ങളിൽ എത്തിച്ചേരുന്നതിനും താൽപര്യമുള്ളവരെ ഉൾപ്പെടുത്തി വാർഡ്തല സാനിട്ടേഷൻ കമ്മിറ്റി രൂപീകരിക്കുന്നതിനും ആയത് വർഷം തോറുംപുന: സംഘടിപ്പിക്കുന്നതിനും, വാർഡ് കൗൺസിലറുടെ നേതൃത്വത്തിൽ അവ പ്രവർത്തിക്കുന്നതിന് മാർഗ്ഗരേഖ നൽകുന്നതിനും ഉൾപ്പെടെയുള്ള വ്യവസ്ഥാപിത നിർദ്ദേശങ്ങൾ നൽകുക

22) സേവനങ്ങൾ, സാമഗ്രികൾ എന്നിയ്ക്കായുള്ള ടെണ്ടറുകൾ ക്ഷണിക്കൽ ഖരമാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട സേവനങ്ങൾ, സാമഗ്രികൾ എന്നിവയ്ക്കായി പരസ്യം ചെയ്യൽ, ഏതെങ്കിലും നഗരസഭ സ്ഥലമോ സൗകര്യമോ ഇക്കാര്യത്തിനായി ലീസ് വ്യവസ്ഥയിൽ പരസ്യം ചെയ്ത് നൽകൽ, ടെണ്ടറുകൾ ക്ഷണിക്കൽ തുടങ്ങിയവയെല്ലാം നഗരസഭാ സെക്രട്ടറിയുടെ പേരിലും ഉത്തരവാദിത്വത്തിലുമായിരിക്കും

23) പരിശോധനകൾ - നഗരസഭ അനുശാസിക്കുന്ന രീതിയിലാണ് ഖര-ദ്രവ-ഇ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ നടക്കുന്നതെന്ന് ഉറപ്പ് വരുത്തുവാൻ ഏത് സ്ഥലവും, സ്ഥാപനവും പരിശോധിക്കുവാനും, നിയമലംഘനം നടക്കുമ്പോൾ പിഴ ഈടാക്കുവാനും സാധാരണ സാഹചര്യത്തിൽ ഹെൽത്ത് ഇൻസ്പെക്ടർക്കും, ഹെൽത്ത് ജീവനക്കാർക്കും അധികാരം ഉണ്ടായിരിക്കുന്നതും പ്രത്യേക സാഹചര്യത്തിൽ നഗരസഭാ സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഏതൊരു നഗരസഭാ ഉദ്യോഗസ്ഥനും അ അധികാരം ഉണ്ടായിരിക്കുന്നതുമാണ്

24) പ്രഖ്യാപിത വാർഷിക ലക്ഷ്യങ്ങൾ - വർഷംതോറും പ്രസിദ്ധപ്പെടുത്തേണ്ടതും ശുചീകരണ പ്ലാസ്റ്റിക്ക് - ഖര - ദ്രവ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ അതനുസരിച്ച് ക്രോഡീകരിക്കേണ്ടതുമാണ്

25) സുതാര്യതയും സാമൂഹിക പ്രതിബദ്ധതയും - നഗരസഭയുടെ ഖരമാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളുടെ ഭാഗമായി പൊതുജനങ്ങൾക്ക് എത്തിച്ചുകൊടുക്കേണ്ട അടിസ്ഥാന വിവരങ്ങൾ നഗരസഭയുടെ www.chengannurmunicipality.in എന്ന വെബ്സൈറ്റിൽ ലഭ്യമായിരിക്കുന്നതും അത് പുതുക്കുവാനുള്ള ഉത്തരവാദിത്വം നഗരസഭാ സെക്രട്ടറി, ഹെൽത്ത് വിഭാഗത്തിലെ ഉദ്യോഗസ്ഥർ എന്നിവരിൽ നിക്ഷിപ്തമായിരിക്കുന്നതുമാണ്.

26) ചെങ്ങന്നൂർ മുനിസിപ്പാലിറ്റി ഈ വിജ്ഞാപന പ്രകാരം നടപ്പിലാക്കുവാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങളുടെ നടത്തിപ്പിനും വിജയത്തിനുമായി കേന്ദ്ര - സംസ്ഥാന സർക്കാരുകളെയും ഇതര സർക്കാർ - അർദ്ധ സർക്കാർ - സർക്കാരിതര ഏജൻസികളെയും ബന്ധപ്പെടുത്തുന്നതിനുള്ള സ്വാതന്ത്ര്യവും, അവകാശവും നഗരസഭയ്ക്ക് ഉണ്ടായിരിക്കുന്നതാണ്.

27) ചില വസ്തുക്കളുടെ ഉപയോഗം നിയമം മൂലം നിരോധിക്കുകയും നിയന്ത്രിക്കുകയും ചെയ്യൽ പൊതുജനാരോഗ്യത്തിനും, നന്മയ്ക്കും ഉപദ്രവമെന്ന് ബോദ്ധ്യപ്പെടുന്ന വസ്തുക്കളുടെ ഉപയോഗം നഗരസഭാ പരിധിക്കുള്ളിൽ നിയന്ത്രിക്കുകയോ, നിരോധിക്കുകയോ ചെയ്യുന്നതിന് നഗരസഭയ്ക്ക്അധികാരമുണ്ടായിരിക്കുന്നതാണ്. ഉദാഹരണം പ്ലാസ്റ്റിക്ക് ഉൽപ്പന്നങ്ങൾ, പ്ലാസ്റ്റിക്ക് പ്ലേറ്റുകൾ, പ്ലാസ്റ്റിക്ക് / മെഴുക് എന്നിവ ഉപയോഗിച്ച് ആവരണം ചെയ്ത ഇലകൾ, റീസൈക്കിൾ ചെയ്യാൻ പറ്റാത്ത വിധത്തിലുള്ള ഫ്ളക്സുകളും ബാനറുകളും, ഫ്ളക്സ് കൊണ്ട് നിർമ്മിച്ച മറ്റ് ഉൽപ്പന്നങ്ങളും സർക്കാർ നിയന്ത്രണം ബാധകമായുള്ള പ്ലാസ്റ്റിക്ക് ഉൽപ്പന്നങ്ങൾക്ക് പുറമേ പ്ലാസ്റ്റിക്ക് കപ്പുകൾ, പ്ലേറ്റുകൾ, ഐസ്ക്രീം കപ്പുകൾ, സ്ട്രോകൾ, കിറ്റുകൾ, പ്ലാസ്റ്റിക്ക് ആവരണം ചെയ്ത ബൊക്കകളും ഡിസ്പോസിബിൾ പ്ലേറ്റുകൾ, തെർമോകോൾ പ്ലേറ്റുകൾ മറ്റ് ഉൽപ്പന്നങ്ങളും എന്നിവ നഗരപരിധിക്കുള്ളിൽ ഉപയോഗിക്കുന്നതും പ്ലാസ്റ്റിക് കിറ്റുകളിൽ പൊതിഞ്ഞ് മാലിന്യം വലിച്ചെറിയുന്നതും ഇതിനാൽ ശിക്ഷാർഹമായി പ്രഖ്യാപിക്കുന്നു.

28) മാലിന്യം ശേഖരിക്കുന്നതിന് പ്രതിമാസം നഗരസഭയിൽ ഒടുക്കേണ്ട തുക അനുബന്ധം I പ്രത്യേകം വ്യവസ്ഥ ചെയ്യുന്നു. അനുബന്ധം ക പ്രത്യേകമായി വ്യവസ്ഥ ചെയ്യാത്ത ഖരമാലിന്യ ശേഖരണത്തിന് നഗരസഭാ സെക്രട്ടറി

അപോഴപ്പോൾ തീരുമാനിക്കുന്ന ഫീസ് ഈടാക്കിക്കൊണ്ട് മാലിന്യ ശേഖരണത്തിന് വ്യവസ്ഥ ചെയ്യുന്നു.

29) പ്ലാസ്റ്റിക്ക് ക്യാരിബാഗുകളുടെ വലുപ്പമനുസരിച്ചുള്ള വില അനുബന്ധം II ൽ വ്യവസ്ഥ ചെയ്യുന്നു.

30) ഇലക്ട്രോണിക്സ് ഉപകരണങ്ങളുടെ നിർമ്മാതാക്കൾ, വിതരണക്കാർ, സംരംഭകർ എന്നിവരെക്കൊണ്ട് ഉൽപ്പന്നങ്ങളുടെ ഉപയോഗ അവസാനം ആയവ ശേഖരിക്കുന്നതിന് ശേഖരണ കേന്ദ്രം സജ്ജീകരിക്കുക

**15. <u>പിഴകളും ഇതരശിക്ഷകളും</u>**

1) ഈ നിയമാവലിയിൽ പറയുന്ന വ്യവസ്ഥകൾക്ക് വിരുദ്ധമായോ മാർഗ്ഗനിർദ്ദേശങ്ങൾ ലംഘിക്കും വിധമോ പ്രവർത്തിക്കുന്ന കുറ്റം ആരോപിക്കുന്നവർ, കുറ്റത്തിനിടയാക്കുന്നവർ എന്നിവർക്ക് തൽസമയം നോട്ടീസ് നൽകി നിർണ്ണയിക്കപ്പെടുന്ന നിരക്കിൽ പിഴ ഏർപ്പെടുത്തുന്നതായിരിക്കും. 15 ദിവസത്തിനകം പിഴ ഒടുക്കുന്നതിൽ വീഴ്ച വരുത്തുന്ന പക്ഷം പ്രോസിക്യൂഷൻ നടപടി സ്വീകരിക്കുവാനും (അനുബന്ധം 4) അധികാരം ഉള്ളതും അല്ലെങ്കിൽ ലംഘനം തുടരരുതെന്ന് സെക്രട്ടറിയിൽ നിന്ന് നോട്ടീസ് ലഭിച്ചതിനു ശേഷം അങ്ങനെയുള്ള ലംഘനം തുടരുന്ന ഓരോ ദിവസത്തേക്കും 50/- രൂപയോളം വരാവുന്ന പിഴയും വിധിക്കുന്നതിന് സെക്രട്ടറിക്ക് അധികാരം ഉള്ളതാകുന്നു.
2) സെക്രട്ടറിയോ സെക്രട്ടറി നിയോഗിക്കുന്ന ജീവനക്കാരനോ നിയമാവലിയുടെ ലംഘനത്തിൻമേൽ പിഴ ഈടാക്കാൻ അധികാരമുണ്ടായിരിക്കുന്നതാണ്.
3) സ്വകാര്യ സ്ഥലങ്ങളിൽ നിയമവിരുദ്ധമായി മാലിന്യം സംഭരിക്കുകയോ സൂക്ഷിക്കുകയോ ചെയ്യുകയോ, ചെയ്യാൻ അനുവദിക്കുകയോ തെളിയുന്ന പക്ഷം വസ്തു ഉടമ / കൈവശക്കാർ 10000/- രൂപ വരെ പിഴ ശിക്ഷയ്ക്ക് വിധേയരാക്കപ്പെടും. കുറ്റകൃത്യം ആവർത്തിക്കപ്പെടുന്നപക്ഷം ദിനംപ്രതി 100/- രൂപ നിരക്കിൽ അധിക പിഴ നൽകി ശിക്ഷിക്കപ്പെടാവുന്നതാണ്.
4) പിഴ ഒടുക്കുന്നതിൽ വീഴ്ച വരുത്തുന്ന പക്ഷം പ്രോസിക്യൂഷൻ നടപടി സ്വീകരിക്കാവുന്നതാണ്.

സെക്രട്ടറി,
ചെങ്ങന്നൂർ നഗരസഭ

അനുബന്ധം I

**നഗരസഭ നിയോഗിക്കുന്ന അംഗീകൃത ഏജൻസിക്ക് നൽകേണ്ട കുറഞ്ഞ നിരക്ക്**

| ക്രമ നമ്പർ | സ്ഥാപനങ്ങൾ | പ്രതിമാസ നിരക്ക് (രൂപ) |
|---|---|---|
| 1) | തീയ്യേറ്റർ (സിനിമ) | 1000/- |
| 2) | പെട്രോൾ പമ്പ് | 1200/- |
| 3) | മെഡിക്കൽ ഷോപ്പ് | 600/- |
| 4) | ടീ ഷോപ്പ് ബി/സി | 600/- |
| 5) | സ്റ്റേഷണറി ഷോപ്പ് എ | 600/- |
| 6) | സ്റ്റേഷണറി ഷോപ്പി ബി/സി | 400/- |
| 7) | ബേക്കറി റീട്ടെയിൽ | 1200/- |
| 8) | ബോർമ | 2400/- |
| 9) | ടെക്സ്റ്റൈൽസ് എ | 1000/- |
| 10) | ടെക്സ്റ്റൈൽസ് ബി/സി | 400/- |
| 11) | പലചരക്ക് എ | 1200/- |
| 12) | പലചരക്ക് ബി /സി | 600/- |
| 13) | ഹാർഡ് വെയർ ഹോം അപ്ലയൻസ് എ | 800/- |
| 14) | ഹാർഡ് വെയർ ഹോം അപ്ലയൻസ് ബി/സി | 400/- |
| 15) | ടൈലറിംഗ് | 600/- |
| 16) | പച്ചക്കറി, പഴം സ്റ്റാളുകൾ | 400/- |
| 17) | വർക്ക് ശോപ്പ് എ | 1000/- |
| 18) | വർക്ക് ഷോപ്പ് ബി/സി | 600/- |
| 19) | പൂക്കട | 400/- |
| 20) | രാസവളം എ | 800/- |
| 21) | രാസവളം ബി/സി | 400/- |
| 22) | പെയിന്റ് കട എ | 800/- |
| 23) | പെയിന്റ് കട ബി/സി | 400/- |
| 24) | അപ്ഹോൾസ്റ്ററി എ | 2000/- |
| 25) | അപ്ഹോൾസ്റ്ററി ബി/സി | 400/- |
| 26) | ലോട്ടറി എ ക്ലാസ് മാത്രം | 600/- |
| 27) | പാഴ്സൽ സർവ്വീസ് | 800/- |
| 28) | പരവതാനി, പായ, കൊട്ട, വട്ടി | 400/- |
| 29) | ഫർണിച്ചർ | 400/- |
| 30) | സ്പെയർപാർട്സ് | 400/- |
| 31) | 100 മുതൽ 500 വരെ ആളുകൾ പങ്കെടുക്കുന്ന ലൈസൻസില്ലാത്ത പൊതു/സ്വകാര്യ സ്ഥലത്തെ ചടങ്ങളുകളുടെ ജൈവ മാലിന്യ ശേഖരണം | 1000/- (പ്രതിദിനം) |
| 32) | 500 മുതൽ 1000 വരെ ആളുകൾ പങ്കെടുക്കുന്ന ലൈസൻസില്ലാത്ത പൊതുസ്ഥലത്തെ ചടങ്ങുകൾക്ക് ജൈവമാലിന്യ ശേഖരണം. 1000 ന് മുകളിൽ ഓരോ 1000 ത്തിനും 500 രൂപ വീതം അധിക ഫീസായി ഒടുക്കേണ്ടതാണ് | 2000/- (പ്രതിദിനം) |

| | | |
|---|---|---|
| 33) | 100 മുതൽ 500 വരെ ആളുകൾ പങ്കെടുക്കുന്ന ലൈസൻസില്ലാത്ത പൊതുസ്ഥലത്തെ ചടങ്ങുകൾക്ക് അജൈവ മാലിന്യ ശേഖരണം | 250/- (പ്രതിദിനം) |
| 34) | 500 മുതൽ 1000 വരെ ആളുകൾ പങ്കെടുക്കുന്ന ലൈസൻസില്ലാത്ത പൊതു/സ്വകാര്യ സ്ഥലത്തെ ചടങ്ങുകൾക്ക് അജൈവ മാലിന്യ ശേഖരണം. 1000 ന് മുകളിൽ ഓരോ 1000 ത്തിനും 250/- രൂപ വീതം അധിക ഫീസായി ഒടുക്കേണ്ടതാണ് | 500/- (പ്രതിദിനം) |

## അനുബന്ധം II
## ക്യാരി ബാഗുകൾക്ക് നിശ്ചയിച്ച വില

| ക്രമ നമ്പർ | വലുപ്പം | പരമാവധി വില |
|---|---|---|
| 1. | ഇഞ്ച് 13 x 16 വരെ | 5 രൂപ |
| 2. | ഇഞ്ച് 16 x 20 വരെ | 10 രൂപ |
| 3. | ഇഞ്ച് 20 x 26 വരെ | 15 രൂപ |
| 4. | ഇഞ്ച് 24 x 30 വരെ | 20 രൂപ |
| 5. | ഇഞ്ച് 24 x 30 കൂടുതൽ | 25 രൂപ |

## അനുബന്ധം III
## പ്ലാസ്റ്റിക്ക് ക്യാരി ബാഗുകൾ വിൽക്കുന്നതിനുള്ള (50 മൈക്രോണിൽ കൂടുതൽ) രജിസ്ട്രേഷൻ ഫീസ്

| സ്ഥാപനങ്ങൾ | പ്രതിമാസ ഫീസ് (രൂപ) |
|---|---|
| പാൻ ഷോപ്പ്, ബങ്ക്, പച്ചക്കറി കടകൾ | 4000/- |
| പ്രൊവിഷൻ സ്റ്റോർ, ഹോട്ടൽ (സൂപ്പർ മാർക്കറ്റുകൾ ഒഴികെ) | 6000/- |
| തുണിക്കടകൾ (ഒരു ശാഖ മാത്രമുള്ളവ) | 7200/- |
| സൂപ്പർ മാർക്കറ്റുകൾ, തുണിക്കടകൾ, ജുവലറി | 10000/- |

## ചെങ്ങന്നൂർ നഗരസഭ

## പൊതു ചടങ്ങുകൾ നടത്തുമ്പോൾ മാലിന്യ പരിപാലനത്തിനുള്ള അപേക്ഷ

| | | | |
|---|---|---|---|
| 1. | അപേക്ഷകന്റെ പേര് | : | |
| 2. | പിതാവിന്റെ പേര് | : | |
| 3. | വിലാസം | : | |
| 4. | ചടങ്ങിന്റെ പേര് | : | |
| 5. | ഉദ്ദേശം പങ്കെടുക്കുന്നവരുടെ എണ്ണം | :സ്ത്രീ/പു | ആകെ |
| 6. | ചടങ്ങ് നടത്താൻ ഉദ്ദേശിക്കുന്ന സ്ഥലത്തിന്റെ വിശദാംശം | : | |
| 7. | വാർഡ് / കെട്ടിട നമ്പർ / സ്ഥലപ്പേര് / സർവ്വേ നമ്പർ വില്ലേജ് | : | |
| 8. | ലാന്റ് മാർക്ക് | : | |
| 9. | നടത്തുന്ന സ്ഥലം സ്വന്തമല്ലെങ്കിൽ സ്ഥല ഉടമയുടെ സമ്മതപത്രം | | |

## <u>പിഴകൾ - പട്ടിക 1</u>

| വകുപ്പ് | കുറ്റം | പിഴ (രൂപ) |
|---|---|---|
| 336 | പരിസരങ്ങളിൽ ചവറ് / മാലിന്യം മുതലായവ ഇരുപത്തിനാലു മണിക്കൂറിലധികം സമയം കൂടിക്കിടക്കുവാൻ ഇടവരുത്തുന്നതിന് | 1000/- |
| 335 | മൃഗശവങ്ങളും ചവറുകളും മാലിന്യങ്ങളും അനുചിതമായ രീതിയിൽ കയ്യൊഴിയുന്നതിന് | 500/- |
| 337 | തെരുവുകളിൽ കൂടി മാലിന്യം ഒഴുകി പോകാൻ ഇടവരുത്തുന്നതിന് | 2500/- |
| 338 | തോൽ, മൃഗശവങ്ങൾ മുതലായവ നിയമം ലംഘിച്ച് കയ്യൊഴിയുന്നതിന് | 5000/- |
| 340 | ചവറോ മാലിന്യമോ കെട്ടിടാവശിഷ്ടമോ പൊതുസ്ഥലത്ത് നിക്ഷേപിക്കുന്നതിന് | 2000/- |
| 341 | പൊതുതെരുവുകൾ മുതലായവയിൽ ശല്യം ചെയ്യുന്നതിന് | 500/- |
| 370 | പൊതുതെരുവിൽ സാധനങ്ങൾ അനധികൃതമായി നിക്ഷേപിക്കുക മുതലായവ ചെയ്യുന്നതിന് | 1000/- |
| 378 | വൃക്ഷങ്ങൾ വീഴുന്നത് മുതലായ തെരുവിലുണ്ടാകുന്ന തടസ്സം 12 മണിക്കൂറിനുള്ളിൽ നീക്കം ചെയ്യാൻ വീഴ്ച വരുത്തുന്നതിന് | 1000/- |
| 425 | ജലാശയങ്ങളിലെ ജലം മലിനപ്പെടുന്നതിന് | 500/- |
| 426 | ആൾപ്പാർപ്പില്ലാത്ത പരിസരങ്ങൾ കെട്ടി അടക്കുന്നതിനോ വെട്ടി വെടിപ്പാക്കുന്നതിനോ വൃത്തിയാക്കുന്നതിനോ ആവശ്യപ്പെട്ടതനുസരിക്കാൻ വീഴ്ച വരുത്തുന്നതിന് | 500/- |
| 427 | കുടിപ്പാർപ്പില്ലാത്ത പുരയിടങ്ങൾ കെട്ടി അടയ്ക്കണമെന്നോ വെട്ടിത്തെളിക്കണമെന്നോ വൃത്തിയാക്കണമെന്നോ ആവശ്യപ്പെട്ടതനുസരിക്കാൻ വീഴ്ച വരുത്തുന്നതിന് | 500/- |
| 435 | മൃഗങ്ങളെക്കൊണ്ട് മാലിന്യം തീറ്റിക്കുന്നതിന് | 500/- |
| 436 | ശല്യമോ ആപത്തോ ഉണ്ടാകത്തക്കവണ്ണം മൃഗങ്ങളെ നിയമവിരുദ്ധമായി വളർത്തുന്നതിന് | 2500/- |
| 449 | ശല്യം ഇല്ലാതാക്കുന്നത് സംബന്ധിച്ച് ഉത്തരവ് ലംഘിക്കുന്നതിന് | 250/- |
| 465 | സ്വകാര്യ മാർക്കറ്റുകളിൽ ശല്യം ഉണ്ടാക്കുന്നതിന് | 500/- |

## പിഴകൾ – പട്ടിക 2
## കുറ്റം

| നം. | കുറ്റം | പിഴ |
|---|---|---|
| 1) | ഉൽപ്പാദന സ്രോതസ്സിൽ മാലിന്യം തരംതിരിക്കാതെ സൂക്ഷിക്കുക, കൈമാറുക,<br><br>ആവർത്തനം പ്രതിദിനം | 100/–<br><br><br><br>200/– |
| 2) | മാലിന്യം തരംതിരിക്കാതെ സൂക്ഷിക്കുക, കൈമാറുക,<br><br>ആവർത്തനം പ്രതിദിനം | 100/–<br><br>200/– |
| 3) | നഗരസഭയുടെ നിർദ്ദേശത്തിന് വരുദ്ധമായി മാലിന്യം കൈകാര്യം ചെയ്യുക<br><br>ആവർത്തനം പ്രതിദിനം | 250/–<br><br>500/– |
| 4) | സംഭരണികൾ സൂക്ഷിക്കാതിരിക്കുക, കലർത്തുക<br><br>ആവർത്തനം പ്രതിദിനം | 100/–<br><br><br>250/– |
| 5) | മാലിന്യം സംഭരണ സംവിധാനത്തിന് നഗരസഭ നിശ്ചയിക്കുന്ന തുക നൽകാതിരിക്കൽ<br><br>ആവർത്തനം<br>കൂടാതെ താമസം വരുന്ന ഓരോ മാസവും 2/– രൂപ നിരക്കിൽ പലിശ കുടി നൽകേണ്ടതാണം | 250/–<br><br><br><br><br>500/– |
| 6) | മാലിന്യ സംസ്കരണത്തിന് വൻകിട ഉൽപ്പാദകർ സംവിധാനം ഏർപ്പെടുത്താതിരിക്കുക<br><br>സംവിധാനം ഏർപ്പെടുത്താത്തഓരോ ദിവസവും പ്രതിദിനം<br>മാലിന്യം നീക്കം ചെയ്യാൻ നഗരസഭയ്ക്ക് അടക്കേണ്ട തുകയ്ക്ക് പുറമേയാണ് ഈ തുക ഒടുക്കേണ്ടതാണ് | 5000/–<br><br><br><br>2000/– |
| 7) | ജൈവേതര മാലിന്യങ്ങൾ നിർദ്ദേശാനുസരണം കൈകാര്യം ചെയ്യുന്നതിൽ വീഴ്ച വരുത്തൽ<br><br>ആവർത്തന പ്രതീദിനം | 2500/–<br><br><br>1000/– |

| | | |
|---|---|---|
| 8) | ജൈവ ചികിത്സ മാലിന്യങ്ങൾ നിർദ്ദേശാനുസരണം കൈകാര്യം ചെയ്യുന്നതിൽ വീഴ്ച വരുത്തൽ<br><br>ആവർത്തന പ്രതിദിനം | 5000/-<br><br>3000/- |
| 9) | നിർമ്മാണ നശീകരണ മാലിന്യങ്ങൾ നഗരസഭയുടെ നിർദ്ദേശ പ്രകാരം മാറ്റാത്തതിന്<br><br>അവ നീക്കം ചെയ്യാൻ നഗരസഭയ്ക്ക് അടക്കേണ്ട തുകയ്ക്ക് പുറമേയാണ് ഈ തുക ഒടുക്കേണ്ടതാണ് | 2500/- |
| 10) | ഉദ്യാന മാലിന്യങ്ങൾ നഗരസഭയുടെ നിർദ്ദേശപ്രകാരം മാറ്റാത്തതിന് അവ നീക്കം ചെയ്യാൻ നഗരസഭയ്ക്ക് അടക്കേണ്ട തുകയ്ക്ക് പുറമേയാണ് ഈ തുക ഒടുക്കേണ്ടതാണ് | 1000/- |
| 11) | മാലിന്യങ്ങൾ അലക്ഷ്യമായോ അശ്രദ്ധയോടെയോ കത്തിച്ചാൽ<br>ആവർത്തന കുറ്റത്തിന് | 1000/-<br><br>2500/- |
| 12) | മാലിന്യ സംഭരണം പരിവഹണം നിർമ്മാർജ്ജനം എന്നിവയ്ക്കായി നഗരസഭ ചുമതലപ്പെടുത്തുന്ന ഏജൻസി / ജീവനക്കാർ വേർതിരിച്ച മാലിന്യം കൂട്ടിക്കലർത്തുന്ന പക്ഷം<br>ആവർത്തന കുറ്റത്തിന് | 500/-<br><br>1000/- |
| 13) | മാലിന്യ സംഭരണത്തിനും ശേഖരണത്തിനും പരിവഹണത്തിനും അന്തിമ സംസ്കരണത്തിനും നിർമ്മാർജ്ജനത്തിനും നഗരസഭ ഏർപ്പെടുത്തുന്ന സംവിധാനത്തോട് സഹകരിക്കാത്തതിന് | 2500/- |
| 14) | സ്വകാര്യ ഇടങ്ങളിൽ മാലിന്യം പൊതുജനങ്ങൾക്ക് ശല്യം ഉണ്ടാക്കുന്ന രീതിയിലോ അനുവദനീയമല്ലാത്ത വിധത്തിലോ ശേഖരിക്കുക, നിക്ഷേപിക്കുക. കൈകാര്യം ചെയ്യുക, മാലിന്യ പരവഹണത്തിന് അശാസ്ത്രീയ വാഹനങ്ങൾ ഉപയോഗിക്കുക<br><br>ആവർത്തനം | 2500/-<br><br>5000/- |
| 15) | പൊതു നിരത്തുകളിലും ചാലുകളിലും പൊതു സ്ഥലങ്ങളിലും മാലിന്യം പൊതുജനങ്ങൾക്ക് ശല്യം ഉണ്ടാക്കുന്ന തരത്തിൽ ശേഖരിക്കുക, നിക്ഷേപിക്കുക,<br><br>ആവർത്തനം | 2500/-<br><br>5000/- |
| 16) | നഗരസഭ നിർദ്ദേശം പാലിക്കാത്തതിന്<br><br>ആവർത്തനം പ്രതിദിനം | 500/-<br><br>1000/- |

| | | |
|---|---|---|
| 17) | പൊതു തെരുവിലേക്ക് മാലിന്യം ഒഴിക്കി വിടുന്നതിന് / ഓടകൾ – ജല നിർഗ്ഗമന ചാലുകൾ എന്നിവയിലേക്ക് ചവറോ, പ്ലാസ്റ്റിക്കോ വിസർജ്ജ വസ്തുവോ നിക്ഷേപിക്കുന്നതിന് | 5000/- |
| 18) | തോലോ, തോലിന്റെ അവശിഷ്ടമോ നിർദ്ദിഷ്ട സ്ഥലത്തല്ലാതെ നിക്ഷേപിക്കുക | 10000/- |
| 19) | ചവറോ മാലിന്യമോ അവശിഷ്ടമോ നിർദ്ദിഷ്ട സ്ഥലത്തല്ലാതെ നിക്ഷേപിക്കുക<br><br>തൽക്ഷണ പിഴ<br><br>നോട്ടീസ് നൽകി പിഴ<br><br>ആവർത്തന കുറ്റം<br>(മാലിന്യം നീക്കം ചെയ്യുന്നതിനുള്ള ചെലവ് കൂടി ഇതിനൊപ്പം ഈടാക്കുന്നതാണ്) | <br><br>250/-<br><br>2000/-<br><br>2000/- |
| 20) | ചുമതലപ്പെട്ട ഏജൻസിയോ ജീവനക്കാരോ വ്യക്തികളോ നിർദ്ദിഷ്ട സ്ഥലത്തല്ലാതെ മാലിന്യ പരിവഹണ വാഹനമോ സംഭരണിയോ നിർത്തിയിടുകയോ വയ്ക്കുകയോ ചെയ്യുക | 5000/- |
| 21) | നിരോധിത പ്ലാസ്റ്റിക്ക് ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനം, വിതരണം, സംഭരണം, വിൽപ്പന, ഉപയോഗം, കടത്തിക്കൊണ്ടു പോകൽ, തരംതിരിക്കൽ, ശേഖരിക്കൽ എന്നിവ നടത്തുന്നുണ്ട്.<br><br>പ്രഥമ കുറ്റത്തിന്<br><br>ആവർത്തനത്തിന് | <br><br>1000/-<br><br>5000/- |
| 22) | 50 മൈക്രോണിൽ കൂടുതൽ കനമുള്ള പ്ലാസ്റ്റിക്ക് ഉൽപ്പന്നങ്ങൾ നഗരസഭയിൽ രജിസ്റ്റർ ചെയ്യാതെ വിൽപന നടത്തുന്നതിന് | 50000/- |